
സപര്യ സാംസ്കാരിക സമിതി പ്രസിദ്ധീകരണം

www.saparya.org
ലക്കം 02 | 1197 കർക്കടകം ജൂലായ് 2022

# സപര്യ

മലയാളിയുടെ മനോഗതം



ഡോ. ആർ.സി.കരിപ്പത്ത് സപ്തതി പതിപ്പ്

സി.രാധാകൃഷ്ണൻ
കാനായി കുഞ്ഞിരാമൻ
പി.കെ. ഗോപി
വാണിദാസ് എളയാവൂർ
ദിവാകരൻ വിഷ്ണുമംഗലം
കൃഷ്ണൻ നടുവലത്ത്
സുകുമാരൻ പെരിയച്ചൂർ
ഉപേന്ദ്രൻ മടിക്കൈ

കെ.എസ്.മിനി
ഹാരിസ് യൂനുസ്
പ്രേം കൃഷ്ണൻ
നിഷ ടി. പി.
പ്രാപ്പൊയിൽ നാരായണൻ
പ്രേമചന്ദ്രൻ ചോമ്പാല
രമേശൻ പുതിയകണ്ടം

ഒരു സപര്യ സാംസ്കാരിക സമിതി
പ്രസിദ്ധീകരണം

# സപര്യ

മലയാളിയുടെ മനോഗതം

Digital Magazine

## മികച്ച രചനകൾക്ക് സ്വാഗതം



സപര്യ സാംസ്കാരിക സമിതിയുടെ സപര്യ ഡിജിറ്റൽ മാസിക
എല്ലാ മലയാള മാസവും ഒന്നാം തീയ്യതി പ്രസിദ്ധീകരിക്കുന്നു.

രണ്ടു പേജിൽ കൂടാത്ത കഥ, ലേഖനം, പുസ്തകാസ്വാദനം, ലഘു അഭിമുഖം, 20 വരികൾ വരെയുള്ള കവിത, പെയിന്റിംഗ് എന്നിവ അയക്കാവുന്നതാണ്.

മറ്റ് സാമൂഹിക മാധ്യമങ്ങളിൽ നൽകിയ (Facebook, Twitter, Youtube, Instagram etc.) രചനകളുടെ ലിങ്കുകൾ അയക്കുന്നത് ഉചിതമല്ല.

**വാട്സ് ആപ്പിൽ എഴുതി അയക്കുന്ന രചനകൾ മാത്രമേ പ്രസിദ്ധീകരണത്തിന് പരിഗണിക്കുകയുള്ളൂ.**


രചനകളോടൊപ്പം തന്നെ ഫോട്ടോ കൂടി അയക്കുക.
അയക്കേണ്ട വാട്സ് ആപ്പ് നമ്പർ

**729 326 77 81**

പ്രത്യേക ശ്രദ്ധയ്ക്ക്....!
രചനകൾക്ക് മുൻപിൽ forsaparyamagazine എന്ന് ചേർക്കുക

എല്ലാ മലയാള മാസവും ഒന്നാം തീയ്യതി പ്രസിദ്ധീകരിക്കുന്ന

**മലയാളത്തിലെ ആദ്യ ഡിജിറ്റൽ മാസിക**



മുഖചിത്രം
ഫോട്ടോ: അനിൽ വടക്കുമ്പാട്

# സപര്യ

മലയാളിയുടെ മനോഗതം

1197 കർക്കടകം
2022 ജൂലായ്
പുസ്തകം 2
ലക്കം 02

02

## ഇതളുകളിൽ

### ലേഖനം

**04** **സി. രാധാകൃഷ്ണൻ** ഈ ആളെ എനിക്കറിയാം

**06** **കാനായി കുഞ്ഞിരാമൻ** കാലപുരി

**07** **പി.കെ. ഗോപി** മൂന്ന് കവിതകൾ

**08** **വാണീദാസ് എളയാവൂർ** നാട്ടുസംസ്കൃതിയുടെ കുലപതി

**09** **ആർ.സി. കരിപ്പത്ത്** കാവ്യം രമേശം

**10** **ദിവാകരൻ വിഷ്ണുമംഗലം** മനുഷ്യപ്പറ്റുള്ള നാട്ടുകവിത്വം

**14** **സുകുമാരൻ പെരിയച്ചൂർ** പരമസത്യത്തിന്റെ മിന്നലാട്ടം

**17** **പ്രാപ്പൊയിൽ നാരായണൻ** ആർ സി കരിപ്പത്ത്: ജ്ഞാനാന്വേഷണത്തിന്റെ സാംസ്കാരിക സൗന്ദര്യം

**18** **കെ.കെ. ഗോവിന്ദൻമാസ്റ്റർ** ഡോ.ആർ.സി.കരിപ്പത്ത് എന്ന വിശിഷ്ടവ്യക്തിത്വം

**20** **കൃഷ്ണൻ നടുവലത്ത്** അശ്വത്ഥത്തണലായൊരു മഹാപ്രതിഭ

**27** **മുരളീമോഹനൻ.കെ.വി** അറിവിന്റെ ചിലമ്പൊലിക്ക് സപ്തതി

### കവിത

**22** **പ്രേം കൃഷ്ണൻ** ചെറുകല്ല് വീണ് ജലത്തിന്റെ കവിൾ പൊട്ടുന്നു

**23** **ഹാരിസ് യൂനുസ്** സിംഗർ നിലയ്ക്കുമ്പോൾ

**24** **പ്രേമചന്ദ്രൻ ചോമ്പാല** യാത്ര തുടരട്ടെ

**25** **നിഷ ടി പി** കാവ്യബിംബങ്ങൾ

**26** **രമേശൻ പുതിയകണ്ടം** വേട്ടയ്ക്കൊരു മകൻ

**28** **ഉപേന്ദ്രൻ മടിക്കൈ** കീറിമുറിക്കൽ

**29** **എം. കപിൽദേവ്.** നിന്റെ മണമുള്ള കാഴ്ച്ചകൾ

**30** **ദീപ ദിനേശ്** ഇരമ്പം

**31** **വസന്ത കുറുമാത്തൂർ** പുതുമഴ!

**32** **കെ. എസ്. പൊതുവാൾ** കരിപ്പത്തിന്റെ കഥാജീവിതം

### കഥ

**33** **ബിന്ദു രാജീവ് പൊറോറ** ഇന്നലെകൾ

**34** **കെ എസ് മിനി** ചിത്രം വിചിത്രം

### അനുഭവം

**35** **സരിത പ്രമോദ്** ആ പഴയ നെല്ലിമരം

### ഇക്കോണമി

**36** **മധുസൂദനൻ മട്ടന്നൂർ** ലൈസൻസ് പെർമിറ്റ് ക്വോട്ടാ രാജ്

പരമ്പര ആരംഭം

### കലാസപര്യ

**37** **അതുല്യ ജയകുമാർ** സംഗീതം




*മുഖ്യരക്ഷാധികാരി*
കാനായി കുഞ്ഞിരാമൻ

*രക്ഷാധികാരി*
സുകുമാരൻ പെരിയച്ചൂർ
പ്രാപ്പൊയിൽ നാരായണൻ

*ചീഫ് എഡിറ്റർ*
ഡോ. ആർ. സി. കരിപ്പത്ത്

*എഡിറ്റർ*
പ്രേമചന്ദ്രൻ ചോമ്പാല

*ഡെപ്യൂട്ടി എഡിറ്റർ*
മധുസൂദനൻ മട്ടന്നൂർ

*സബ് എഡിറ്റേഴ്സ്*
ആനന്ദകൃഷ്ണൻ എടച്ചേരി
ടി വി സജിത്ത്

*ആർട്ട് എഡിറ്റർ*
വിഘ്നേശ്വരൻ രാജപുരം

*സർക്കുലേഷൻ*
കുഞ്ഞപ്പൻ തൃക്കരിപ്പൂർ

*അംഗങ്ങൾ*
ശ്രീകുമാർ കോറോം
ശ്രീനാഥ് ചീമേനി
അനിൽ കുമാർ പട്ടേന
രവീന്ദ്രൻ കൊട്ടോടി
ശ്യാം ബാബു വെള്ളിക്കോത്ത്
മനോജ് പെരിഞ്ചേരി

സപര്യ കലാ-സാംസ്കാരിക സമിതി, കാഞ്ഞങ്ങാട്, കാസർഗോഡ് ജില്ല - 671315
website. www.saparya.org

# ഈ ആളെ എനിക്കറിയാം



സി. രാധാകൃഷ്ണൻ

കരിപ്പത്തിനെ ഞാൻ അറിഞ്ഞു തുടങ്ങുന്നത് എൺപതുകളുടെ ആരംഭത്തിലാണ്. അന്ന് അദ്ദേഹം ഡോക്ടർ ആയിട്ടില്ല. സൂക്ഷ്മമായ ദൃഷ്ടിയും അശുവായ നീണ്ട ദേഹവുമുള്ള ഊർജ്ജസ്വലനായ ഒരു ചെറുപ്പക്കാരൻ. വാക്കും പോക്കും ഒക്കെ തികഞ്ഞ ആത്മാർത്ഥതയോടെ എന്ന് പെട്ടെന്ന് തന്നെ തിരിച്ചറിയാൻ ആദ്യ സമാഗമത്തിൽ തന്നെ എനിക്ക് പ്രയാസമേതു മുണ്ടായില്ല.

മാടമ്പു കുഞ്ഞിക്കുട്ടനും ഞാനും ഉൾപ്പെടെ എതാനും എഴുത്തുകാർ നടത്തിയ ഒരു അഖിലകേരള പദയാത്ര ആയിരുന്നു കരിപ്പത്തിനെ കണ്ടുകിട്ടാനുള്ള നിമിത്തം.

വിഭാഗീയതകളും സംഘർഷങ്ങളും ഇല്ലാതായി ഭൂമിയിൽ എങ്ങെങ്ങും സമാധാനവും സന്തോഷ വും പുലർന്ന് കാണണം എന്ന മനുഷ്യസഹജ മായ മോഹം വഴിനീളെ കണ്ട എല്ലാവരുമായും പങ്കിടാൻ ആയിരുന്നു ആ യാത്ര. ഒരു ഗാന്ധി ജയന്തി ദിനം കാസർഗോഡ് നിന്ന് തുടങ്ങിയ പ്ര യാണം മുപ്പതു ദിവസം നീണ്ടുനിന്നു. പക്ഷേ, ഉദ്ദേശിച്ച പോലെ അത് തിരുവനന്തപുരത്ത് സമാപിപ്പിക്കാൻ പറ്റിയില്ല. കാരണം, ജാഥ ഓച്ചിറയിൽ എത്തിയ ദിവസം, ആ ജാഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്ര പ്രസക്തമെന്നു തെളിയിക്കും പടി, ഇന്ദിരാഗാന്ധി വെടിയേറ്റ് മരിച്ചു. പിന്നെ കുറച്ചിട കേരളത്തിൽ, ഇന്ത്യയിൽ മറ്റെങ്ങും എന്നപോലെ, അക്രമത്തി ന്റെയും അരാജകത്വത്തിന്റെയും നാളുകളി ലായിരുന്നുവല്ലൊ. ജാഥ തുടരാൻ ഒത്തില്ല.

ആ ജാഥയിൽ തെരുവോര യോഗങ്ങളിൽ പ്ര സംഗിച്ചും പാട്ടുപാടിയും കരിപ്പത്ത് ഞങ്ങളോ ടൊപ്പം സജീവമായി ഉണ്ടായിരുന്നു. അതിൽ പിന്നെ തമ്മിൽ കണ്ട സന്ദർഭങ്ങൾ വളരെ കുറവാണ്.

എങ്കിലും വിവരങ്ങൾ എന്നും അറിഞ്ഞു കൊണ്ടേയിരുന്നു. കൂടുതൽ പഠിച്ച് ഗവേഷണ ബിരുദമൊക്കെ എടുത്ത് അദ്ദേഹം അധ്യാപ കവൃത്തിയിൽ മുന്നേറി.

ഒരു വ്യത്യാസമുള്ളത് ഇദ്ദേഹം കൂടുതൽ പഠിച്ചത് ഒരു ഉയർന്ന സ്ഥാനത്ത് എത്തിപ്പെടാൻ മാത്രമായിരുന്നില്ല. അതിനാൽ അങ്ങനെ ഒരിടത്ത് എത്തിപ്പെട്ടപ്പോൾ അദ്ദേഹം അദ്ദേഹ ത്തിന്റെ ഗവേഷണ പഠനങ്ങൾ നിർത്തിയില്ല. തനിക്ക് ചുറ്റുമുള്ള സാംസ്കാരിക പൈതൃകം അനാഥമായി അന്യംനിന്നുപോകുന്നു എന്ന് അദ്ദേഹം കണ്ടു. ആധുനിക വിദ്യാഭ്യാസം അവനവന്റെ വേരുകൾ സ്വയം അറുത്തുമാറ്റാൻ ആണ് ഉപയോഗപ്പെടുന്നത് എന്ന് ബോധ്യപ്പെട്ടു.

തെയ്യവും തിറയും ഒക്കെ വെറും കെട്ടുകാഴ്ചകൾ അല്ല സാംസ്കാരികമായ അനുസ്യൂതിയെയാണ് കാണിക്കുന്നത് എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. പ്രതിരൂപങ്ങളും ദൃഷ്ടാന്ത കഥകളും എങ്ങനെ ഇവയുടെ പിന്നിൽ, മുന്നിലും, പ്രവർത്തിക്കുന്നു എന്ന് അന്വേഷിക്കാൻ നിശ്ചയിച്ചു.

ഈ വിഷയത്തിൽ മുൻഗാമികൾ ഇല്ലാത്തതു കൊണ്ട് വഴി വെട്ടിത്തെളിച്ചു വേണ്ടിവന്നു ഇദ്ദേഹത്തിന് ഓരോ ചുവടും മുന്നോട്ട് വയ്ക്കാൻ. ശ്രമകരമായ ഈ ജോലി പ്രതിഫല ത്തിനു വേണ്ടി ആയിരുന്നില്ല. മറിച്ച്, അന്യഥാ തനിക്ക് ഉള്ള ആരോഗ്യവും സമ്പത്തും ഇതിനുവേണ്ടി ചെലവാക്കുകയായിരുന്നു. എന്നെങ്കിലും എപ്പോഴെങ്കിലും ഇതിനൊക്കെ പ്രതിഫലം കിട്ടും എന്ന് അദ്ദേഹം പ്ര തീക്ഷിച്ചില്ല, ഇന്നോളം ഒന്നും കിട്ടിയുമില്ല. കിട്ടിയതോ, പണ്ടാരോ പറഞ്ഞതുപോലെ, ധനനഷ്ടവും ആരോഗ്യനഷ്ടവും.

നമ്മുടെ നാട്ടിൽ ഗവേഷണം നടക്കേണ്ടത് എന്തിനെനെക്കുറിച്ചൊക്കെ ആണെന്ന് നമ്മെ ത്തന്നെ പുതിയതായി ബോധ്യപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചുവോ? ഉണ്ടെന്നു തോന്നു ന്നില്ല.

അപ്പോൾ, നിഷ്പ്രയോജനം ആയ ഒരു ജീവിതം എന്ന് വിളിക്കാമോ? തീർച്ചയായും ചിന്തിക്കേണ്ട ഒരു കാര്യം തന്നെ. തിരിഞ്ഞു നോക്കി നിശിതമായ പുനരാലോചനയ്ക്കും വിലയിരുത്തലിനും സ്വന്തം ജീവിതത്തെ വിധേ യമാക്കാൻ അദ്ദേഹം തുനിഞ്ഞത് ഇതുകൊണ്ടാ വാം. അതിന്റെ ഫലമാണ് ഈ ആത്മകഥ.

കഥ എന്നാൽ രസകരമായി കേൾക്കാവുന്ന വായിക്കാവുന്ന ഒരു കാര്യം എന്നാണ് നാം ധരിച്ചുവച്ചിരിക്കുന്നത്. അത്രയും കൊണ്ട് അതങ്ങ് തീരുകയും ചെയ്യും എന്നും. കഥ ആത്മകഥ ആകുമ്പോഴോ? മറ്റൊരാളുടെ ജീവിത രഹസ്യങ്ങൾ അറിയാം എന്ന പൂതിയോടെയാണ് മുഖ്യമായും വായന.

വായനക്കാരേ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം, നമ്മുടെ ആത്മകഥകളുടെ കഥ പരിതാപകരമാണ്. ചിലർ തങ്ങളുടെ വീരസ്യം പറയാൻ എഴുതുന്നു. താൻ ധീരോദാത്തൻ അതിപ്രതാപഗുണവാൻ എന്ന് തെളിയണം. മറ്റൊരു കൂട്ടർ ആത്മകഥ എഴുതുന്നത് 'കണക്ക് തീർക്കാ'നാണ്. പലരെയും പഴി പറയാൻ കാണും. നേരിട്ട് പറഞ്ഞാൽ പല രീതിയിൽ തിരിച്ചുകിട്ടുമെന്ന ഭീതി ഉള്ളതുകൊണ്ട് മുഖത്തുനോക്കി പറയാത്ത കാര്യങ്ങളാണ് അവതരിപ്പിക്കാൻ ഉണ്ടാവുക. മൂന്നാമതൊരു കൂട്ടർ ആത്മകഥ എഴുതുന്നത് തങ്ങൾക്ക് പറ്റിയ പിഴവുകൾ മറ്റാർക്കെങ്കിലും ആണ് യഥാർത്ഥ ത്തിൽ പറ്റിയത് എന്ന് സ്ഥാപിക്കാനാണ്. സംഭവത്തിന്റെ നേരറിയാവുന്നവർ

ഒക്കെ അതിനകം ഇല്ലാതായിട്ടും ഉണ്ടാവും! ഇത്തരം കള്ളനാണയങ്ങളാണ് എണ്ണത്തിൽ കൂടുതലും. ജീവിക്കാതെ ജീവിതം എഴുതുന്ന വരും യാത്ര ചെയ്യാതെ യാത്രാവിവരണങ്ങൾ പടച്ചുവിടുന്നവരും നമുക്ക് ധാരാളം ഉണ്ടല്ലോ. ഭാഗ്യമെന്നു പറയാം, വളരെ വിഖ്യാതങ്ങളായ മെച്ചപ്പെട്ട ആത്മകഥകളും മലയാളത്തിലും നമുക്ക് ഉണ്ടായിക്കിട്ടിയിട്ടുണ്ട്.

ഇംഗ്ലീഷിൽ ധാരാളമുണ്ട്. ഗാന്ധിജിയുടെയോ നെഹ്റുവിന്റെയോ ആത്മകഥകൾ ഉദാഹരണ ങ്ങൾ. ചരിത്ര പ്രാധാന്യമുള്ള പ്രസ്ഥാനത്തിന്റെ പ്രയോക്താക്കൾ കൂടി ആയിരുന്നല്ലോ ഇവർ. ജനഹൃദയത്തിൽ ഇവർ നേരത്തെ അറിയപ്പെ ടുന്നവരാണ് എന്ന വസ്തുത കൂടി ഈ ആത്മകഥകളുടെ ഖ്യാതിക്കു പുറകിൽ പ്രവർത്തിക്കുന്നുമുണ്ട്.

ഇവിടെ ഒരാൾ മറ്റൊരുതരം ഒഴുക്കിനെതിരെ നീങ്ങിയ അനുഭവമാണ് വിവരിക്കുന്നത്. പൊതുജനങ്ങൾ എന്നറിയപ്പെടുന്നവർ ഇതിൽ അദ്ദേഹത്തോടൊപ്പം നീന്തിയിട്ടില്ല. നിഴലായി കൂടെ നിന്ന് പേരിനെങ്കിലും പാൽക്കഞ്ഞി താനും കുടിച്ചു എന്ന് അവകാശപ്പെടാൻപോലും ഒരു അമ്മായിയും ഇല്ല!

കാതോട് കാതോരം പറഞ്ഞറിഞ്ഞ് വിദേശ ത്തുനിന്ന് വരുന്നവരാണ് ഇപ്പോൾ ഇദ്ദേഹ ത്തിന്റെ നിഗമനങ്ങൾ തേടി എത്തുന്നത്. ഇക്കഴിഞ്ഞ ദിവസവും കണ്ടു യൂറോപ്പിൽ നിന്ന് ഇദ്ദേഹത്തിന്റെ വീട്ടിൽ എത്തിയ സാന്നിധ്യങ്ങളുടെ പടം.

ചരിത്രവും വിശ്വാസവും കലാവാസനയും ഒരുമിക്കുന്ന അപൂർവ്വ ജനകീയ അവതരണങ്ങൾ ആണല്ലോ തെയ്യവും തിറയും. ഒരുവേള കഥകളിയും കൃഷ്ണനാട്ടവും ഒക്കെ ഉണ്ടായത് ഇതിൽ നിന്നാവാം. കാലത്തിൽ അത്രയും പുറകിലാണ് ഇവയുടെ പരിണാമ ശൃംഖലയുടെ ആദ്യ കണ്ണി. ദ്രാവിഡ പഴമയോളം നീളുന്ന അത് ഹ്രസ്വദൃഷ്ടികൾക്ക് ഗോചരമല്ല. ഗൃഹാതുരത കൊണ്ടു മാത്രം അതിനോട് നീതി പുലർത്താൻ സാധ്യവുമല്ല. അതിനാൽ ആധുനിക ഗവേഷണ മുറകൾ ഉപയോഗിച്ച് ഈ വിഷയം പഠിക്കാൻ തന്റെ ജീവിതം ഉഴിഞ്ഞുവച്ച ഈ മഹാ മനസ്സിനോട് കൈരളിയും കേരളീയരും കടപ്പെട്ടിരിക്കുന്നു. നമുക്ക് ഇദ്ദേഹത്തെ നമിക്കാം. അദ്ദേഹം പറയുന്നത് ശ്രവിക്കാം. അതേപ്പറ്റി ഗാഢമായി ചിന്തിക്കാം.

താല്പര്യമുള്ളവർക്ക് പിന്തുടരാൻ തന്റെ വഴിയും മുറയും സത്യസന്ധമായി, കൃത്യമായി അതിരുകളിട്ടും, ആലേഖനം ചെയ്തിരിക്കുന്നു.

കൈ കൂപ്പി നന്ദി പറയാം.

[ കവിത ]

# കാലപുരി



കാനായി കുഞ്ഞിരാമൻ

പ്രകൃതിയിൽ വികൃതികാട്ടി
വെട്ടിപ്പിടിക്കും
മനുഷ്യപ്പറ്റങ്ങൾ
അത്
ജീവന്റെ പരിണാമ
സൃഷ്ടി മാഹാത്മ്യം
പ്രകൃതിപുരുഷജീവരഹസ്യ
അണിയറയിൽ
പുതുലോക പടനായകന്മാർ
ജീവന്റെ നാടകക്കളരിയിൽ
പുരുഷനിൽ പിറന്ന് പുരുഷവഴി
ഒഴുകിവന്ന ജലകണജീവി ഞാൻ
വളർന്നത് മാതൃവാത്സല്യ
ഗർഭപാത്രത്തിൽ



പാത്രം നിറഞ്ഞപ്പോൾ
വിശപ്പുകൂടി
വിശപ്പിറക്കാൻ
വഴിനോക്കി
കണ്ടവഴി ഒരേവഴി-അതാ
നേരെപുറംചാടി.
വീണതൊ! കാലപുരിയിൽ
ലോകമേ തറവാട്ടിൽ
ദുർഗന്ധം വമിക്കും ഭൂമാതാവിൽ
വിശാലചവറു ഗർഭഭൂമിയിൽ
വീണപാടെ കണ്ണുതുറന്നു
തുറന്നപാടെ കണ്ടതാദ്യം
സൂര്യന്റെ വെള്ളി വെളിച്ചത്തിൽ
വെട്ടിത്തിളങ്ങും മനോഹര
മൃഗതൃഷ്ണാ മായാലോകം
കണ്ടപാടെഞാനറിയാതെ
പൊട്ടിക്കരഞ്ഞു പോയി
അമ്മേ പ്രകൃതി ദേവി
നീ എവിടെ
ആ നിലവിളി ഇന്നും മുഴങ്ങി,
കേട്ടുകൊണ്ടേയിരിക്കുന്നു.

*പെയിന്റിംഗ്:*
കാനായി കുഞ്ഞിരാമൻ

[ കവിത ]

# മൂന്ന് കവിതകൾ



പി.കെ.ഗോപി



## അട്ടി

എത്രയാണിരുട്ടിന്റെ
യട്ടികൾ
അത്രത്തോള
മക്ഷരപ്രയത്നത്താൽ
വെളിച്ചം
രചിക്കുക.



## മരുന്ന്

ഏക ശാസനയ്ക്കുള്ളിൽ
പിടയും ശ്വാസത്തിന്റെ
മൂക വേദനയ്ക്കുള്ള
മരുന്നെൻ ജ്ഞാനോദയം.



## കൂമൻ

ഒറ്റപ്പുസ്തകം മാത്ര
മോടിച്ചു വായിച്ചവൻ
വിപ്ലവവായാടിത്ത
ക്കൽത്തുറുങ്കിലെ
കൂമൻ!

# നാട്ടുസംസ്കൃതിയുടെ കുലപതി



വാണീദാസ് എളയാവൂർ

"ആത്മകഥാകാരനെ സംബന്ധിച്ചിടത്തോളം സഞ്ചയാനുഭവ സമ്പന്നത ഒരനുഗ്രഹമാണ്." അരവിന്ദഘോഷിനെ പരാമർശിക്കുമ്പോൾ പി. കെ. ബാലകൃഷ്ണൻ പറഞ്ഞ വസിഷ്ഠവചനമാണിത്. അതിന്റെ നിരാസമാണ് ഒരാത്മകഥയ്ക്ക് എനിയ്ക്ക് കരുത്ത് തരാത്തത്. ആത്മകഥാകാരൻ സ്വജീവിതത്തെ പകർത്തുന്നു; അനുവാചകൻ അതനുസരിക്കുന്നു. ഇരുവരും തമ്മിലുള്ള ബന്ധവിശേഷമതാണ്. "വലിയോർചരിതം സ്വജീവകാലം വലുതാക്കാമിത് നമ്മോടോതിടുന്നു" എന്ന വചനത്തിന്റെ പൊരുളതാണ്.


സ്വയം രചിച്ച ജീവിതകഥയാണ് ആത്മകഥ. ഉത്തമപുരുഷൈകവചനത്തിൽ സ്വന്തം ജീവിതാനുഭവങ്ങളെ ആഖ്യാനം ചെയ്യുന്നതെന്തും ആത്മകഥയുടെ പരിധിയിൽ വരും. സത്യസന്ധത ആത്മകഥയിൽ അനുപേക്ഷണീയം. ഇതിലിഷ്ടാനിഷ്ടങ്ങൾക്ക് ഇടം കൊടുക്കാറുണ്ടെങ്കിലും അത്യുക്തിപ്രവണത ദോഷകരംതന്നെ. പരിമിതികളേറെയുണ്ടെങ്കിലും അവികലവും മാതൃകാപരവുമായ ആത്മകഥകൾ ലോകഭാഷകളിൽ ധാരാളമുണ്ട്. ഗാന്ധിജിയുടെ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങളും' നെഹ്റുവിന്റെ 'ആത്മകഥ'യും ശ്രദ്ധേയങ്ങളാണ്. രചനാശില്പങ്ങളോട് നീതിപുലർത്തി മലയാളത്തിലാദ്യമുണ്ടായ കൃതി സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തലാ'ണ്. ബി. കല്യാണി അമ്മയുടെ 'വ്യാഴവട്ടസ്മരണകൾ' ഇവിടെ ഓർക്കാതിരുന്നുകൂടാ. എ.കെ.ജി.യുടെ 'ജീവിതസ്മരണകളും' കേശവമേനോന്റെ 'കഴിഞ്ഞ കാല'വും പ്രാതസ്മരണീയങ്ങൾ. ക്ഷേത്രകലകളെ, വിശേഷിച്ചും തെയ്യംകലകളെ തപഃസമാനമായ പഠനമനനങ്ങൾക്ക് വിധേയമാക്കി തന്റെ സിദ്ധികളെ സർഗ്ഗസാക്ഷ്യങ്ങളാക്കി മാറ്റിയ പ്രതിഭാശാലിയാണ് ഡോ. ആർ.സി. കരിപ്പത്ത്.

നമ്മുടെ നാടിന്റെ പൈതൃകം മഹത്താണ്; ബൃഹത്താണ്, അസദൃശ്യവും അനന്യദർശനീയവുമാണ്. കവിത, നാടകം, കഥാകഥനം തുടങ്ങിയ സിദ്ധികളിലൂടെ അനാവരണം ചെയ്യാൻ പരിശ്രമിക്കുകയാണ് മാഷ്. അവയെല്ലാം വിഭാവിതലക്ഷ്യങ്ങളുടെ സർഗ്ഗസാക്ഷ്യങ്ങളുമാണ്. നാടൻ കലാപഠനത്തെക്കുറിച്ച് വിശിഷ്യ തെയ്യം കലകളെക്കുറിച്ച് ആകാശവാണി, ദൂരദർശൻ, വൈചിത്ര്യമാർന്ന പ്രഭാഷണങ്ങൾ എന്നിവ ശ്രദ്ധേയങ്ങളും പഠനാർഹങ്ങളുമാണ്. വേദവിത്തുകളുടെ കുലപരമ്പരയിൽ പിറന്ന കരിപ്പത്ത് മാഷിൽനിന്ന് സഹൃദയസമൂഹമത് പ്രതീക്ഷിക്കുന്നത് സ്വാഭാവികം. ചന്ദ്രഗിരിപ്പുഴ വരെയുള്ള ഗ്രാമാന്തരങ്ങളിലെ തെയ്യക്കാവുകളെക്കുറിച്ചും അവിടങ്ങളിൽ ഉറഞ്ഞാടുന്ന തെയ്യങ്ങളെക്കുറിച്ചും ആചാരസവിശേഷതകളെപ്പറ്റിയുമുള്ള ഗ്രന്ഥശില്പങ്ങളും മാഷൊരുക്കിയിട്ടുണ്ട്. പലിയേരി എഴുത്തച്ഛൻ, മണക്കാടൻ ഗുരുക്കൾ തുടങ്ങിയ അതികായ ൊരെ അനാവരണം ചെയ്തത് അതീവശ്രദ്ധേയങ്ങളാണ്.

ഉറക്കെ പറയട്ടെ, നാട്ടുസംസ്കൃതിയുടെ നകൾ പ്രസരിപ്പിക്കുന്നതിൽ കരിപ്പത്ത് മാഷോളം ശ്രദ്ധിച്ച, ശ്രമിച്ച ഉപാസകൻ മറ്റില്ല. നാടൻകലകളെക്കുറിച്ചും നാടോടി വിജ്ഞാനീയത്തെപ്പറ്റിയും പഠനഗവേഷണങ്ങൾ നടത്തിയ നിരവധി പേരുണ്ട് കേരളത്തിൽ. എന്നാൽ തന്റെ സിദ്ധി വൈചിത്ര്യങ്ങളിൽ മാത്രമല്ല, പ്രാണശ്വാസത്തിൽപ്പോലും നാട്ടുസംസ്കൃതി വാരിയണിഞ്ഞ സ്വാംശീകരിച്ച മറ്റൊരു വ്യക്തിത്വമില്ലെന്ന് തീർച്ച.

അത്യുക്തിപ്രവണത ഈ ഗ്രന്ഥവിശേഷത്തിന്റെ നിറം കെടുത്തിയിട്ടില്ല; ഗ്രന്ഥം ഉന്നതമായ രചനാസങ്കല്പങ്ങളോട് നീതിപുലർത്തിയിട്ടുണ്ട്. ശ്രമം തീർത്തും ശ്ലാഘനീയം.

[ കവിത ]



# കാവ്യം രമേശം

## (കവി എസ്. രമേശൻ നായർക്ക് )

**ആർ.സി. കരിപ്പത്ത്**

കവി നീ, കാലമേൽപ്പിച്ച
കൈവല്യം കാവ്യമാക്കിയോൻ
സ്വരലോകം നമിക്കുന്നു
നിന്റെ കാലടിപ്പാടുകൾ !

നെറ്റിയിൽ തൊട്ട മാലേയ
ക്കുറിയും നിറപുഞ്ചിരി
കാവ്യസൗരഭ്യ സാന്നിധ്യം
പ്രസരിക്കുന്ന വാക്കുകൾ

കവിതയെ 'പാട്ടിലാ'ക്കീടും
നിന്റെ മാന്ത്രിക പിഞ്ചിക
മതിമാൻ നീയുഴിഞ്ഞാലോ
മതിമോഹനഗാനമായ്.

കൊതി തീർന്നില്ല കേട്ടിട്ടും
പാടിത്തീരാത്ത ഗാനമേ !
ഏതു 'സൗപർണ്ണികാ'തീരം
തേടിപ്പാറിയകന്നു നീ ....

എത്ര ഗാനാമൃതം തന്നൂ
എത്ര കാവ്യമഹാഖനി !
'ഗുരുപൗർണ്ണമി' നിൻ സാര
സർവ്വം തത്ത്വ സമീക്ഷണം

കൈക്കുമ്പിളിൽ സാഗരത്തെ
യാചമിച്ചോരഗസ്ത്യനായ്
ശ്രീനാരായണസർവ്വസ്വം
മനം കൊണ്ട മഹാശയൻ

തളരുന്നേരവും കൃഷ്ണ
പ്രേമം വർഷിച്ചമേഘമേ !
ഒന്നുമോതാതെ യാരാവിൽ
നീ പോയതേതു സന്നിധി ?

കണ്ണനുണ്ണിക്കു നീ വത്സൻ
ദേവീ മൂകാംബികപ്രിയൻ
മലയാളത്തിന്റെ മാധുര്യം
മഹിതം ധന്യ ജീവിതം.


പ്രണാമം ! നിൻകവിപ്പീലി
വീണ മണ്ണിന്റെ പുണ്യമേ!
പ്രണാമം! യുഗസൂര്യാ നി
ന്നുദയം തന്ന കാലമേ..

# മനുഷ്യപ്പറ്റുള്ള നാട്ടുകവിത്വം



ദിവാകരൻ വിഷ്ണുമംഗലം

കുറച്ച് വർഷങ്ങൾക്കുമുൻപ് , പുല്ലൂർ ഗവ: യു പി സ്ക്കൂളിൽ 1977 ൽ ഏഴാം ക്ലാസിൽ പഠിച്ചിരുന്ന ഞാനും എന്റെ സഹപാഠികളും, ഒരു ഒത്തുചേരലും ഒരു കുടുംബസംഗമവും ആ സ്ക്കൂളിൽ ഞങ്ങളെ പഠിപ്പിച്ച ഗുരുനാഥന്മാർക്ക് ആദരവും സംഘടിപ്പിക്കുകയുണ്ടായി. ആ ചടങ്ങിന് ഉദ്ഘാടനത്തിനായി നല്ലൊരാളെ വിളിക്കണമെന്നു തീരുമാനിച്ചപ്പോൾ, എനിക്ക് സാഹിത്യവുമായി ബന്ധമുള്ളതുകൊണ്ട് അതിന് പറ്റിയ ആളെ കൊണ്ടുവരാൻ എന്നെയാണ് ചുമതലപ്പെടുത്തിയത്. അധികം അകലെ നിന്ന ല്ലാതെ എന്നാൽ അറിയപ്പെടുന്ന നല്ലൊരു സാഹിത്യകാരനെ ക്ഷണിക്കണം എന്ന് സഹ പാഠികൾ എന്നോട് പറഞ്ഞു. ആർ.സി.കരിപ്പത്ത് മാഷെ വിളിക്കാം എന്ന ചിന്തയാണ് അപ്പോൾ




എന്റെ മനസ്സിൽ ആദ്യംതന്നെ വന്നത്. വിളി ച്ചാൽ മാഷ് വരുമോ, മാഷ്ക്ക് സമയമുണ്ടാ കുമോ എന്നത് മാത്രമേ സംശയമുണ്ടായി രുന്നുള്ളൂ. എന്നാൽ കരിപ്പത്ത് മാഷ് വളരെ സ്നേഹത്തോടെ ആ ക്ഷണം സ്വീകരിക്കുകയും കൃത്യസമയത്തുതന്നെ സ്കൂളിൽ എത്തിച്ചേരുകയും എല്ലാവരെയും ഇഷ്ടപ്പെടുത്തിയ നല്ല ഒരു പ്രഭാഷണം നടത്തുകയും ചെയ്ത് ആ ദിവസത്തെ ധന്യമാക്കിയത് ഓർമ്മയിൽ മായാതെയുണ്ട്. അന്ന് അദ്ദേഹം അവിടെ എൻ.വി. കൃഷ്ണവാരിയരുടെ 'അമ്മയും മകനും തുഞ്ചനും' എന്ന കവിത ചൊല്ലുകയും നമുക്ക് വ്യക്തിജീവിതത്തിലും സാമൂഹ്യതലത്തിലും നഷ്ടമാകുന്ന മൂല്യങ്ങളെക്കുറിച്ചും മനുഷ്യബന്ധ ങ്ങളെക്കുറിച്ചും വിദ്യാഭ്യാസത്തിന്റെയും സാഹിത്യ ത്തിന്റെയും കലയുടെയും രംഗത്തെ മൂല്യശോഷണ ത്തെക്കുറിച്ചുമൊക്കെ വളരെ ദീർഘമായി പ്രസംഗിക്കുകയുണ്ടായി. എന്റെ സഹപാഠികൾ ക്ക് അതൊരു വിസ്മയമായി എന്നറിഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷമായി. അന്നത്തെ പരിപാടിയുടെ ഉദ്ഘാടനത്തിന് ഏറ്റവും ഉചിതമായ തിരഞ്ഞെടുപ്പായിരുന്നു അത്. ആളുകൾക്ക് മനസ്സിലാകുന്ന തരത്തിൽ മനുഷ്യപ്പറ്റാർന്ന ഭാഷയിൽ ഗുരുശിഷ്യ ബന്ധത്തെക്കുറിച്ചും മനുഷ്യജീവിത മൂല്യങ്ങളെ ക്കുറിച്ചും മാഷ് സരളമധുരമായി എന്നാൽ ഏറെ ഗൗരവത്തോടെയും അന്ന് സംസാരിച്ചു.


കരിപ്പത്ത് മാഷുടെ പ്രഭാഷണത്തിന് ഒരു ശക്തിയും ചൈതന്യവും ഉണ്ട്. അത് മുമ്പേ കേട്ട് മനസ്സിൽ ഇഷ്ടപ്പെട്ട പലരും അന്നവിടെ മാഷെ കാണാനും പ്രസംഗം കേൾക്കാനും വന്നിരുന്നു. അദ്ദേഹം വരുന്ന വഴിയിൽ ഞങ്ങളുടെ സഹപ ാഠികളായ കുറെ കുട്ടികൾ നടന്നുവരുന്നത് കണ്ട് അവരെ മാഷ് തന്റെ കാറിൽ കയറ്റി സ്ക്കൂളിലേക്ക് ഒപ്പം കൂട്ടിയതും അന്നത്തെ മറക്കാനാവാത്ത ഒരു സംഭവമാണ്. വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവരേയും സ്നേഹ ത്തോടെയും കാരുണ്യത്തോടെയും കാണുന്ന മനസ്സാണ് മാഷക്ക്.

പത്തു നാല്പത് കൊല്ലം മുമ്പേ തന്നെ മാഷുമായി പരിചയപ്പെടാൻ എനിക്ക് ഭാഗ്യമുണ്ടായി. ഞങ്ങളിലെ കവിതയാണ് അതിന് നിമിത്തം. അക്ഷരത്തിലൂടെയുള്ള സർഗ്ഗാത്മക ബന്ധുത്വമാണത്. എന്നെ സംബന്ധിച്ചിടത്തോളം ആർ.സി.കരിപ്പത്ത് മാഷ് എനിക്ക് ഒരു ജ്യേഷ്ഠകവിയാണ്. മുൻകാലങ്ങളിൽ കണ്ണൂർ, കാസർകോട് ജില്ലകളിലെ മിക്ക കവിയരങ്ങുകളിലും ഞങ്ങൾ ഒന്നിച്ച് പങ്കെടുത്തിട്ടുണ്ട്. അക്കാലത്ത് പ്രധാനമായും ശ്രീ. മേലത്ത് ചന്ദ്രശേഖരൻ മാഷ്, എ. വി. ശ്രീകണ്ഠ പൊതുവാൾ, കെ.വി.ശേഖരപ്പൊതുവാൾ, കരുണാകരൻ പുതുശ്ശേരി, കുഞ്ഞപ്പപട്ടാന്നൂർ, കരിവെള്ളൂർ മുരളി, കെ.സി. ഉമേഷ് ബാബു, ഒ.ടി.ഹരിദാസ്, തൃക്കരിപ്പൂർ വേണു, എ.എൻ.ഇ.സുവർണ്ണവല്ലി, മാധവൻ പുറച്ചേരി, വിദ്യാധരൻ പെരുമ്പള, നാലപ്പാടം പത്മനാഭൻ.... എന്നിവരെല്ലാമുള്ള ഒന്നിച്ചും ഭിന്നിച്ചുമുള്ള കവിയരങ്ങുകളിൽ ഞാനും പലപ്പോഴായി പങ്കെടുത്തു. ഒ.എൻ.വി കുറുപ്പ് സുഗതകുമാരി, മഹാകവി അക്കിത്തം, കുഞ്ഞുണ്ണി മാഷ്, എം.എൻ.പാലൂര്, കടമ്മനിട്ട രാമകൃഷ്ണൻ, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, കുരീപ്പുഴ ശ്രീകുമാർ,ഏഴാച്ചേരി രാമചന്ദ്രൻ ,മണമ്പൂർ രാജൻ ബാബു തുടങ്ങി പല കവികളും അതിഥികളായി വന്ന അക്കാലത്തെ കവിയരങ്ങുകളിലൂടെ ആ ബന്ധം വളർന്നു. കുറേ വർഷങ്ങൾക്കു മുമ്പ് ഞാൻ ഭൂശാസ്ത്രവകുപ്പിൽ കോഴിക്കോട് ജിയോളജിസ്റ്റായി ജോലി ചെയ്യുന്ന കാലത്ത് മാനാഞ്ചിറയിലെ പുൽത്തകിടിയിലൂടെ വെറുതെ നടക്കുന്ന ഒരു സായാഹ്നം. അപ്രതീക്ഷിതമായി കരിപ്പത്ത് മാഷെ അവിടെ കണ്ടുമുട്ടി. മാഷ് ഏതോ സ്വപ്നസഞ്ചാരിയെപ്പോലെ ഒറ്റക്കങ്ങനെ നടക്കുകയാണ്. മാഷന്ന് 'കനൽപ്പക്ഷികൾ' എന്ന കവിതാ സമാഹാരത്തിന് ആ വർഷത്തെ മൂടാടി അവാർഡ് ഏറ്റുവാങ്ങി വരുന്ന വരവാണ്. 'മാഷ് അവിടെ വച്ച് വളരെ സനേഹവാത്സല്യത്തോടെ ആ പുസ്തകം എനിക്ക് ഒപ്പിട്ടുതന്നു. താൻപോരിമയോ ഉയർച്ചയുടെ അഹങ്കാരമോ ഒന്നുമില്ലാത്ത,വളരെ സൗമ്യവും ദീപ്തവുമായ ഇടപെടലുകളായിരുന്നു മാഷുടേത്. പിന്നീട് അദ്ദേഹത്തിന്റെ ഒട്ടേറെ പുസ്തകങ്ങൾ ഞാൻ വാങ്ങുകയും വായിക്കുകയും ചെയ്തപ്പോൾ എനിക്കു ലഭിച്ച ആനന്ദവും വെളിച്ചവും വാക്കുകൾക്കതീതമാണ്.

'കനൽപ്പക്ഷികൾ' കൂടാതെ, അദ്ധ്യാപക കലാവേദി അവാർഡ് ലഭിച്ച 'സ്മൃതിഗാഥ' ബോംബെ സാഹിത്യ വേദി അവാർഡ് നേടിയ 'വരവിളി' 'ഐ.വൈ.എ.അവാർഡ്' ലഭിച്ച 'കൃഷ്ണപക്ഷം' പിന്നീടിറങ്ങിയ വളരെ ശ്രദ്ധേയമായ 'പത്താമുദയം' തുടങ്ങിയ കവിതാസമാഹാരങ്ങളെല്ലാം മാഷുടെ കവിത്വത്തിന്റെ മഹത്വം വിളംബരം ചെയ്യുന്നവയാണ്.



കാഞ്ഞങ്ങാട് ഗണം സാംസ്കാരിക വേദിയുടെ പരിപാടിയിൽ
ആചാര്യ എംആർ രാജേഷ്,പി ആർ നാഥൻ, സുകുമാരൻ പെരിയച്ചൂർ
എന്നിവരോടൊപ്പം ഡോ ആർ സി കരിപ്പത്ത്




ഛന്ദസ്സിൽ ഏറ്റവും നല്ല കവിതകൾ എഴുതുന്ന കരിപ്പത്ത്മാഷിന് മുക്തഛന്ദസ്സിലും ഗദ്യത്തിലും കവിതകളെഴുതുന്ന എ. അയ്യപ്പനെ ഉൾക്കൊള്ളാനാകുന്നു എന്നത് മാഷുടെ വായനയുടെ നവംനവമായ കാവ്യാവബോധത്തിന് ഉത്തമോദാഹരണമാണ്.

'ഇവനെക്കണ്ടറിഞ്ഞില്ല
മലയാളം മറന്നവർ
മലയോളം വളർന്നോരീ
വെയിൽ തിന്നൊരു പക്ഷിയെ'

എന്നാണ് മാഷ് അയ്യപ്പനെ കവിതയിൽ അടയാളപ്പെടുത്തുന്നത്. ഈയൊരു കാവ്യപ്രസ്താവം കനൽപ്പക്ഷിയായി കവിത ഉച്ചരിച്ചുനടന്ന ആർ.സി.കരിപ്പത്ത് മാഷിലെ കവിക്കും ചേരും.

'പുഴ പാഞ്ഞുപോയ വഴിയിൽ /വെള്ളാരം കല്ലുമാത്രം/കണ്ടെടുത്ത വെള്ളെഴുത്തുകാർ /നേരിന്റെ ചോരപൊടിയുന്ന/കൂനൻ കല്ലുകൾ കണ്ടതേയില്ല'

എന്ന് 'ചരിത്രഗാഥ ' എന്ന കവിതയിൽ മാഷ് ഈയൊരു വ്യഥ ധ്വനിസാന്ദ്രമായി നമ്മിൽ പകരുന്നുണ്ട്.

ഗാന്ധിജിയും ഇ.എം.എസ്സും ബുദ്ധനും വിവേകാനന്ദനും ശ്രീനാരായണ ഗുരുവും എഴുത്തച്ഛനും കുമാരനാശാനും, മഹാകവി പി യും ഇടശ്ശേരിയും വൈലോപ്പിള്ളിയുമെല്ലാം വിവിധ ചരിത്രസന്ധികളിൽ പകർന്ന വെളിച്ചത്തെ നാട്ടുവീര്യത്തിന്റെ ചൂട്ടുകെട്ടി മാഷ് ഭാഷയിൽ ആഞ്ഞുവീശി ഇരുൾ വഴിയിൽ ജ്ഞാനവെട്ടമാക്കുന്നുണ്ട്.

'നാടൊഴിഞ്ഞോണപ്പൂക്കൾ
നാട്ടിൻ നന്മ പോലവേ
ലോറിയേറിയയൽ നാട്ടിൽ
നിന്നു ജീവിതമെത്തുമോ? '

എന്ന് 'കേരളീയം' കവിതയിൽ നഷ്ടമാവുന്ന സ്വാശ്രയഗ്രാമജീവിതസ്പന്ദനങ്ങളെ കവി നിലനില്പിനായി സംസ്ക്കാരത്തിലേക്ക് തിരിച്ചു വിളിക്കുന്നുണ്ട്.

'ഗുരുവിനുണ്ടോ സ്വജീവിതം ശിഷ്യരെ പിരിയുകിൽ സ്വർഗ്ഗസുഗതസായൂജ്യവും ഇവിടെ ധന്യമെൻ ജീവിതം ശിഷ്യരിൽ പിറവി നേടുന്നതാണെൻ കൃതാർത്ഥത' എന്ന് 'പടിയിറങ്ങുമ്പോൾ' എന്ന കവിതയിൽ തന്റെ മഹത്തായ അദ്ധ്യാപനകർമ്മസായൂജ്യത്തെ അടയാളപ്പെടുത്തുന്നുണ്ട്. 'വേദനിക്കും മനുഷ്യന്റെ വേദപുസ്തകമാണു ഞാൻ' എന്ന് 'പാഥേയം' എന്ന കവിതയിൽ മാഷ് തന്നിലെ ഭഗവദ്ഗീതയ്ക്ക് കാവ്യഭാഷ്യം ചമയ്ക്കുന്നുണ്ട്.

'നെഞ്ചിന്നടുപ്പിലെ തീയൂതിയൂതിയോ
രെന്നും കെടാതൊളിപ്പിച്ച കാലാഗ്നിയെ
കയ്യേൽക്കുവാൻ കാലമാകുന്നു മണ്ണിന്റെ
കണ്ണിൽ കുഴിച്ചിട്ട സത്യമാകുന്നു നാം'

എന്ന് 'മഹായാനം' എന്ന കവിതയിൽ, നന്മയും ശാന്തിയും നേടുവാൻ അക്ഷരാഗ്നിയുടെ കനൽ ഏറ്റുവാങ്ങി കവി നമുക്ക് കാവ്യവെളിച്ചം പകരുന്നുണ്ട്.

'മനോവാക്കർമ്മകാണ്ഡങ്ങൾ
സാമ്യവാദസുദീപ്തിയിൽ
ആദിത്യ കിരണം തൊട്ടി
ങ്ങാചമിച്ച കുലോത്തമൻ'

എന്നാണ് മാഷ് 'ഗുരുപൂജ' എന്ന കവിതയിൽ ഇ.എം.എസ്സിനെ ഗുരുവായിക്കണ്ട് ആ മഹത്വത്തെ പ്രകീർത്തിക്കുന്നത്.

'മർത്ത്യരൊന്നാണതാണാർഷം
വർണ്ണാവർണ്ണമനാര്യവും
ഭേദചിന്ത വെടിഞ്ഞാലേ
മഹിയിൽ നന്മ പെയ്തിടൂ'

എന്ന സമത്വത്തിന്റെ വേദമന്ത്രണമാണ് മാഷുടെ കവിതകളിൽ ശ്രവിക്കാനാവുന്നത്.
കേവലംകവിതയിൽ മാത്രമായിരുന്നില്ല മാഷുടെ സർഗ്ഗദീപ്തി നിറഞ്ഞു നിന്നിരുന്നത്.മികച്ച അദ്ധ്യാപകനായി അനേകം ശിഷ്യസമ്പത്തിന് ഉടമയായ കരിപ്പത്ത് മാഷ് സമൂഹത്തിന്റെ ഈടുവയ്പുകളായ അനേകം വൈജ്ഞാനികഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 2010 ൽ ബനാറസ്

ബനാറസ് സംസ്കൃതിയുടെ പ്രതിഷ്ഠാൻ അവാർഡ് നേടിയ 'ദ്രാവിഡസാംസ്കാര പഠനങ്ങൾ' ഡോ.അംബേദ്കർ ദേശീയ അവാർഡ് നേടിയ 'മലയിലെ മാവിലർ' , 'മാവിലരുടെ പാട്ടുകൾ ', 'പത്തു പാട്ടുകൾ', 'അറക്കൽ ബീവിയും മുരിക്കഞ്ചേരി കേളുവും' തുടങ്ങിയ പഠനഗ്രന്ഥങ്ങൾ ശ്രദ്ധേയമാണ്. ഫോക് ലോർ രംഗത്തെ മാഷുടെ സാഹിത്യ പഠന സംഭാവനകൾ മലയാളത്തിന്റെ അമൂല്യ നിധികളാണ്.

'കോലത്തുനാട്ടിലെ തെയ്യം കഥകൾ'കൾ വായിച്ചാണ് എനിക്ക് തെയ്യത്തെക്കുറിച്ചുള്ള പുരാവൃത്തങ്ങൾ കൂടുതൽ മനസ്സിലാക്കാൻ സാധിച്ചത്. കൈരളി ബുക്സ് പ്രസിദ്ധീകരിച്ചതും ഏറെ പുരസ്കൃതവുമായ 'തെയ്യപ്രപഞ്ചം' തെയ്യത്തെക്കുറിച്ച് ഇറങ്ങിയ എക്കാലത്തേയും ആധികാരികവും ഉത്തമവുമായ ഒരു വിജ്ഞാനകോശം തന്നെയാണ്. 'തിരുനിഴൽ മാല, തെയ്യവിചാരം, ഗൃഹവൈദ്യപാഠാവലി എന്നിവയും മാഷുടെ മികച്ച ഫോക് ലോർ പഠനങ്ങളാണ്. 'മഹാകവി കുട്ടമത്തിന്റെ ജീവചരിത്രം' മാഷ് രചിച്ച കൃതികളിൽ എടുത്തു പറയേണ്ട ശ്രദ്ധേയമായ ഒന്നാണ്. 'നാട്ടു സംസ്കൃതി ഡയറക്ടർ' ആയിരുന്ന കരിപ്പത്ത് മിഷിന് 'മാവിലർ ജീവിതവും സംസ്കാരവും' എന്ന വിഷയത്തിലെ ഗവേഷണത്തിനാണ് കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചത്.

ഏതു രചനയിലും പാരിസ്ഥിതികമായ ഒരു അവബോധം ജനഹൃദയങ്ങളിൽ വേരാഴ്ത്താൻ മാഷുടെ അക്ഷരങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഉത്തരകേരളത്തിലെ കാവുകളെക്കുറിച്ചുള്ള മാഷുടെ ഗവേഷണങ്ങൾ നമ്മുടെ തന്നെ അസ്തിത്വത്തിനുള്ള നാട്ടുപച്ചമരുന്നാണ്. മാഷുടെ ഏത് കൃതിയിലും കർമ്മത്തിലും നാട്ടുവേരുകളുടെ ആ കഷായവീര്യമുണ്ട്.

ഇങ്ങനെ അക്ഷരകേരളത്തിന് മറ്റാർക്കും നൽകാൻ പറ്റാത്ത തരത്തിലുള്ള അമൂല്യമായ സംഭാവനകൾ നൽകിയ മാഷുടെ സാഹിത്യ കൃതികൾ കൂടുതൽ ഗൗരവത്തോടെ പഠിക്കപ്പെടേണ്ടവയാണ്. അവ വരും തലമുറക്കുള്ള ജീവസ്സുറ്റ പാഠപുസ്തകങ്ങൾ തന്നെയാണ്.



കുടുംബം:
ഭാര്യയും മക്കളും....



..... മക്കളും
പേരക്കിടാങ്ങളും

# പരമസത്യത്തിന്റെ മിന്നലാട്ടം



സുകുമാരൻ പെരിയച്ചൂർ


എന്റെ സത്യാന്വേഷണ പരീക്ഷണങ്ങളുടെ അവതാരികയിൽ മഹാത്മജി എഴുതുന്നു, 'സത്യാന്വേഷി മണൽത്തരിയേക്കാൾ എളിയവ നാകണം. ആളുകൾ കാൽക്കീഴിലുള്ള മണൽത്തരിയെ ചവിട്ടിയമർത്തുന്നു. സത്യാന്വേ ഷിയാവട്ടെ മണൽത്തരിക്കുവേണ്ടി തന്നെ ചവി ട്ടിയർത്താവുന്ന വിനയം വരിക്കണം. അപ്പോൾ മാത്രമേ അയാൾക്ക് പരമസത്യത്തിന്റെ ഒരു മിന്നലാട്ടം കാണാൻ കഴിയൂ.''

ആത്മകഥകളുടെ അനുസ്യൂതപ്രവാഹങ്ങളുടെ കാലത്താണ് നാം ജീവിക്കുന്നത്. ആത്മകഥകൾ ആത്മപ്രശംസകളുടെ ഒഴുക്കായാൽ അത് വായ നക്കാരന് ദുർഗന്ധജലംപോലെ അസ്വസ്ഥതക ളുണ്ടാക്കും. എല്ലാ കർമ്മപഥങ്ങളിലും വിന യവും സത്യദർശനങ്ങളും ഉൾച്ചേർക്കുമ്പോ ഴാണ് ഗാന്ധിജി പറഞ്ഞതുപോലെ പരമസത്യ ത്തിന്റെ മിന്നലാട്ടം കാണാൻ കഴിയുക. ഡോ. ആർ.സി. കരിപ്പത്തിന്റെ 'ഓർമ്മകൾ പൂക്കുന്ന പ ൂമരങ്ങൾ' എന്ന ആത്മകഥ വായിക്കുമ്പോൾ സത്യത്തിന്റെ മിന്നലാട്ടം നമുക്കു ദർശിക്കാൻ സാധിക്കുന്നു.

തിരുക്കുറളിൽ കർമ്മശുദ്ധിയെക്കുറിച്ചു പറ ഞ്ഞത് ഓർമ്മവരുന്നു. ''തുണ നന്മ ധനവൃദ്ധി നൽകും. പരിശ്രമ ഗുണ നന്മ സകലതും നൽകും.'' ബന്ധുമിത്രാദികൾ തുണയായി ഉള്ള വർക്ക് അവരുടെ സഹായസഹകരണങ്ങളുടെ നന്മ ലഭിക്കുന്നവർക്ക് ധനവൃദ്ധി ഉണ്ടായേക്കാം. എന്നാൽ നിരന്തരപരിശ്രമം എന്ന സദ്ഗുണമു ള്ളവർക്ക് അതിന്റെ ന അവർ ആഗ്രഹിക്കുന്ന തെല്ലാം കൊടുക്കുന്നു. തിരുവള്ളുവരുടെ ജ്ഞാനവാക്യം ജീവിതത്തിൽ സ്വായത്തമാ ക്കിയ മഹാനുഭാവനാണ് ഡോ. ആർ.സി. കരി പ്പത്ത് എന്ന് അദ്ദേഹത്തിന്റെ ആത്മകഥാപര്യ ടനം വരച്ചുകാട്ടുന്നു. തന്റെ ജീവിതത്തിൽ വരുന്ന ഓരോ പ്രതിസന്ധിയേയും നിരന്തര ശുദ്ധിയാർന്ന പരിശ്രമത്തിലൂടെ വിജയകിരീടം ചൂടുന്നത് നമുക്ക് വായിക്കാം 'ഓർമ്മകൾ പൂക്കുന്ന പൂമരങ്ങളിൽ'എല്ലാ പൂക്കളും സുഗന്ധ വാഹികളല്ല. എന്നുവെച്ച് അവയൊന്നും പൂക്കള ല്ലാതാവുന്നില്ല. സുഗന്ധമുള്ള പൂക്കളെയാണ് നാം ഇഷ്ടപ്പെടുക. മനുഷ്യരും അങ്ങനെതന്നെ യാണ്. ന യും സ്നേഹവുമുള്ള മനുഷ്യർ സുഗ ന്ധമുള്ള പൂക്കളെപ്പോലെയാണ്. ഡോ. ആർ.സി. കരിപ്പത്ത് എന്ന ഗുരുശ്രേഷ്ഠനിൽ തന്റെ ശിഷ്യ സമ്പത്ത് കാണുന്നത് സുഗന്ധമുള്ള പൂവിനെ യാണ്. ജ്ഞാനസുഗന്ധം, സ്നേഹസുഗന്ധം ഇവ പരത്തുന്ന ശ്രേഷ്ഠഗുരു. മഹാകവി കാളിദാ സൻ പറഞ്ഞതു അന്വർത്ഥമാക്കിയ ഗുരു പൗർണമി. ''കാര്യങ്ങളൊക്കെയറിവുള്ളവനാ ണൊരുത്തൻ ഓതിക്കൊടുക്കുവതിലന്യനതീവ കേമൻ, ഈരണ്ടു സിദ്ധികളുമൊന്നുപോലെ മേളിക്കിലാ സുകൃതി താൻ ഗുരു പുണ്യ കീർത്തി.''

ഓർമ്മകൾ പൂക്കുന്ന പൂമരങ്ങളിൽ സുഗന്ധം പരത്തുന്ന പുഷ്പങ്ങളാണ് വിരിയുന്നത്. ആ ഓർമ്മപ്പൂക്കളിലെ സുഗന്ധം ജീവിതാനുഭവങ്ങ ളുടെ ക്ലേശഭൂമിയിൽനിന്നും ദുഃഖത്തിന്റെയും, സഹനത്തിന്റെയും, അർഹതയുള്ളതയുടെ അതിജീവിക്കലിന്റെയും ജൈവപ്രക്രിയയിലൂടെ ആർജ്ജിച്ചതാണെന്ന് ഈ ആത്മകഥ വായന ക്കാരനെ ബോധ്യപ്പെടുത്തുന്നു. പുസ്തകം കയ്യി ലെടുത്താൽ വായിക്കാൻ തുടങ്ങിയാൽ നെഞ്ചിന്റെ ശ്വാസഗതി ത്വരിതവൽക്കരിക്കപ്പെടു ന്നു. ലളിതസുന്ദരമായ ആഖ്യാനശൈലികൊണ്ട് ഉറൂബിന്റെ സുന്ദരികളും സുന്ദര ാരും വായി ക്കുന്ന അനുഭൂതി. മലബാറിന്റെ പ്രത്യേകിച്ച് ഉത്തരമലബാറിന്റെ പൊതുവാൾ സമുദായ ത്തിന്റെ സാമൂഹ്യജീവിതക്രമം ഒരു ചരിത്രാന്വേ ഷിയുടെ ആർജ്ജവത്തോടെ സത്യസന്ധത യോടെ വരച്ചുകാട്ടുകയാണ് ആദ്യത്തെ അധ്യാ യങ്ങളിൽ.

ഡോ. ആർ.സി. കരിപ്പത്ത് എന്ന വ്യക്തിയെ സൃഷ്ടിച്ചത്, രൂപപ്പെടുത്തിയത്, വളർത്തിയത്, തളരാതെ നോക്കിയത് തന്റെ പിതാവാണെന്ന്




അഭിമാനത്തോടെ പറയുന്ന പുത്രൻ. ഓരോ ജീവിതപ്രതിസന്ധികളേയും അതിജീവിച്ച അച്ഛന്റെ നിശ്ചയദാർഢ്യം തന്നെയാണ് കരിപ്പത്തിനെയും മുന്നോട്ടു നയിക്കുന്നത്. ഒരു പ്രൈമറി സ്കൂൾ അധ്യാപകനായി വീട്ടിനടുത്തു ജോലിയിൽ പ്രവേശിച്ച് ഒരു സാധാരണ അധ്യാപകനായി ജീവിച്ച് ആരുമറിയാതെ പോകുന്ന രാമചന്ദ്രൻമാഷ് ആകാതെ ജ്ഞാനസിദ്ധികൊണ്ട് മലയാളഭാഷയുടെ എക്കാലത്തെയും പ്രതിഭയായി തിളങ്ങാനുള്ള പ്രചോദനം നൽകിയത് ഡോ. ആർ.സി. കരിപ്പത്തിന്റെ പിതാവാണ്. താൻ ജീവിക്കുന്ന ഗ്രാമത്തിൽ പോലും അറിയാത്ത അധ്യാപകരെ നമുക്കു കാണാം. ഒരിക്കൽ ബാലചന്ദ്രൻ ചുള്ളിക്കാട് പറഞ്ഞിട്ടുണ്ട്. ''അപൂർവ്വം ചില കവികൾ പ്രൈമറി സ്കൂൾ അധ്യാപകരെ പോലെയാമ്. ഗ്രാമത്തിനു വെളിയിൽ അവർ അറിയപ്പെടില്ല.''

അച്ഛനെയും അമ്മയെയും വൃദ്ധസദനത്തിലാക്കുന്ന ഈ കാലത്ത് ആർ.സി. കരിപ്പത്ത് നമ്മെ വിസ്മയിപ്പിക്കുന്നു. വാർദ്ധക്യകാലത്ത് അമ്മയെ പരിചരിക്കുവാൻ വേണ്ടി നഴ്സിങ്ങ് പരിശീലനംവരെ സ്വായത്തമാക്കുന്നത് വായിക്കുമ്പോൾ കണ്ണ് നിറയും. ഓരോ നിമിഷവും അമ്മയെ പരിചരിച്ച് ആത്മനിർവൃതി നേടുന്ന സദ്പുത്രനായി ആർ.സി. കരിപ്പത്ത് മാതൃകയാകുന്നു. ഓർമ്മകൾ പൂക്കുന്ന പൂമരങ്ങളിൽ ആർ. സി. കരിപ്പത്ത് അമ്മയ്ക്കുവേണ്ടി എഴുതിയതാണെന്നുതന്നെ പറയാം. കാരണം അമ്മയേക്കാൾ ലോകത്ത് ശ്രേഷ്ഠമായി മറ്റെന്താണുള്ളത്.

ഓർമ്മകൾ പൂക്കുന്ന പൂമരങ്ങളിൽ ആർ.സി. കരിപ്പത്ത് എന്ന ഒരു ടി.ടി.സിക്കാരൻ വീണ്ടും വീണ്ടും പഠിച്ച് ആ പഠനം തന്റെ സംസ്കാരത്തിന്റെ വേരുകൾ തേടുവാനുള്ള പഠനമായി വളർത്തുകയും സത്യാന്വേഷണത്തിന്റെ മിന്നലാട്ടം 'തെയ്യപ്രപഞ്ച'ത്തിലെത്തിക്കുകയും ചെയ്തത് ജ്ഞാനസുഗന്ധമായി വായനക്കാരന് അനുഭവപ്പെടുന്നു. ഈ പുസ്തകത്തിന്റെ ഏറ്റവും പ്രഖ്യാത സവിശേഷത ആർ.സി. കരിപ്പത്ത് പരിചയപ്പെടുന്നവരിലെല്ലാം നന്മ കാണുന്നു എന്നതാണ്. പോരായ്മയുണ്ടെങ്കിൽ അത് തന്നിൽനിന്നു തന്നെയാണെന്ന് സമാധാനിക്കുകയാണ് ഈ മാതൃകാധ്യാപകൻ. കവി, കഥാപ്രസംഗകൻ, ഗവേഷകൻ, നിരൂപകൻ, നാടൻപാട്ടുകളുടെ ഹൃദിസ്ഥൻ, മികച്ച പ്രഭാഷകൻ എന്തെല്ലാം എന്തെല്ലാം കഴിവുകൾ ചേർന്ന മഹദ്വ്യക്തിത്വമാണ് തന്നിലുണ്ടായിരുന്നത് എന്ന് ഈ ഗ്രന്ഥം സത്യസന്ധമായി വരച്ചുകാട്ടുന്നു.

നാം എപ്പോഴും പറയാറുണ്ടല്ലോ, ജലത്തെ ഉദാഹരിച്ച്. ഗ്ലാസിലാകുമ്പോൾ ജലത്തിന് ഗ്ലാസിന്റെ ആകൃതി. കുപ്പിയിലാകുമ്പോൾ കുപ്പിയുടെ ആകൃതി. അതുപോലെ തോന്നി ഓർമ്മകൾ പൂക്കുന്ന പൂമരങ്ങൾക്കും. ഒരു ചരിത്രവിദ്യാർത്ഥിക്ക് ഇതിൽ പയ്യന്നൂരിന്റെ ചരിത്രം വായിക്കാം. സൂക്ഷ്മചരിത്രമായ അപ്പം പിടിക്കേസുവരെ ഈ പുസ്തകത്തിലുണ്ട്. ഇനി പൊതുവാൾമാരുടെ വംശചരിത്രമറിയണമെങ്കിൽ ആരൂഢം മുതൽ ആധികാരികമായി വിശദമായി ആത്മകഥാപുസ്തകം വിശദീകരിക്കുന്നു. ഒരു

ഗ്രാമീണ വിദ്യാലയത്തിന്റെ ഉൾത്തുടിപ്പുകൾ മുഴുവനും നീലാഞ്ചേരി ഗവ. യു.പി. സ്കൂൾ കാലം ആർ.സി കരിപ്പത്ത് ഒരു തിരക്കഥാ കാരന്റെ ചാരുതയോടെ വരച്ചുകാട്ടുന്നു.


എ.പി.ജെ. അബ്ദുൾകലാം തന്റെ ആത്മക ഥാഗ്രന്ഥമായ അഗ്നിച്ചിറകുകളിൽ പറഞ്ഞത് പോലെതന്നെ തോന്നി ആർ.സി. കരിപ്പത്തിന്റെ ജീവിതവും. കലാം എഴുതുന്നു, ''എന്റെ ജീവിത ത്തിൽ നിർണായക സ്വാധീനം ചെലുത്തിയ വ്യക്തികളെക്കുറിച്ച് വിവരിക്കാൻ ഞാൻ തീരു മാനിച്ചു.

അതുകൊണ്ടുതന്നെ ഈ പുസ്തകം എന്റെ മാതാപിതാക്കളോടും അടുത്ത ബന്ധുക്കളോടും എന്റെ ഗുരുക്കന്മാരോടും വിദ്യാർത്ഥി എന്ന നിലയിലും തൊഴിലിനിടയിലും എന്റെ ഉയർച്ച യ്ക്കു കാരണമായ മറ്റുള്ളവരോടുമുള്ള നന്ദിപ്ര കടനം കൂടിയാണ്.''

ഡോ. ആർ.സി. കരിപ്പത്തിന്റെ ഓർമ്മകൾ പൂക്കുന്ന പൂമരങ്ങൾ എന്ന ആത്മകഥ തന്റെ ഉയർച്ചയ്ക്കു കാരണമായ എല്ലാവരോടുമുള്ള നന്ദിപ്രകടനമാണ്. നന്മയുടെ പൂമരം പൂത്തുല യുകയാണ് ഈ മനോഹരകൃതിയിലൂടെ. തെയ്യപ്രപഞ്ചകാരൻ നമ്മെ വല്ലാതെ സ്വാധീനി ക്കുന്നു; നമ്മെ പ്രചോദിപ്പിക്കുന്നു. പ്രചോദന ത്തിന്റെ നാവാകുന്നു 'ഓർമ്മകൾ പൂക്കുന്ന പൂമ രങ്ങൾ'.



ഡോ. ആർ സി. കരിപ്പത്ത് പ്രഭാഷണം ചെയ്യുന്നു.
ശ്രീമദ് ഭഗവത്ഗീത ആരാധന സംസ്കൃതി വെൽഫെയർ ട്രസ്റ്റ്,
പുതിയകണ്ടം,കാഞ്ഞങ്ങാട്, കാസർകോട് ജില്ല





പ്രാപ്പൊയിൽ നാരായണൻ

# ആർ സി കരിപ്പത്ത്: ജ്ഞാനാന്വേഷണത്തിന്റെ സാംസ്കാരിക സൗന്ദര്യം

ഡോ. ആർ സി കരിപ്പത്ത്: കനൽപ്പക്ഷികളും സ്മൃതിഗാഥയും വരവിളിയും കൃഷ്ണപക്ഷവും പത്താമുദയവും മലയാളത്തിനു സമ്മാനിച്ച സർഗ്ഗപ്രതിഭ. ദ്രാവിഡ സംസ്കൃതിയുടെ ഉള്ളകങ്ങളിലേക്ക് വെളിച്ചം വിതറിയ അന്വേഷകൻ. തെയ്യങ്ങളുടെ മഹാപ്രപഞ്ചത്തിന്റെ ഉള്ളകവിസ്മയങ്ങളിലേക്ക് മലയാളിയെ നയിച്ച ധിഷണാശാലി. അധ:കൃതരെന്ന് അകറ്റി നിർത്തിയിരുന്ന വിഭാഗങ്ങളിലെ ദൈവികമായ കലാശേഷിയെ 'മാവിലരുടെ പാട്ടുകളി'ലൂടെ കൈരളിക്കു കാട്ടിക്കൊടുത്ത വിശാരദൻ. ഏഴോ എട്ടോ നൂറ്റാണ്ട് പഴക്കമുള്ള 'തിരുനിഴൽമാല'യിലെ അക്ഷരങ്ങളുടെ അർത്ഥദീപ്തി കണ്ടെത്തിയ ഗവേഷകൻ.

സർഗ്ഗശേഷിയുടെ ബഹുമുഖ വൈഭവങ്ങളോടൊപ്പം വിശകലനപാടവവും പാണ്ഡിത്യവും ഗവേഷണ ത്വരയും പ്രഭാഷണകലയും ദൈവികമായി കയ്യൊപ്പുചാർത്തിയ മലയാളത്തിന്റെ ശ്രദ്ധേയനായ എഴുത്തുകാരനാണ് ഡോ. ആർ സി കരിപ്പത്ത്.

ജ്ഞാനാന്വേഷണത്തിന്റെ സാംസ്കാരിക സൗന്ദര്യത്തിന് ആർ. സി. കരിപ്പത്തെന്ന് പേരു നൽകാം. അദ്ദേഹത്തിന്റെ ഈടുറ്റ രചനകൾ ഈ നിരീക്ഷണത്തിന് സാക്ഷ്യം നിൽക്കും.

മലയാള സാഹിത്യലോകത്തിന് ഉത്തര ബലബാറിന്റെ സംഭാവനയായ ഈ മനുഷ്യനിൽ..., അദ്ദേഹത്തിന്റെ അക്ഷരങ്ങളിൽ..., അവ പകർന്നു നൽകുന്ന അർത്ഥങ്ങളിൽ...., നിറഞ്ഞ സൂര്യ വെളിച്ചമുണ്ട്. ആ വെളിച്ചത്തിൽ കുളിച്ചു നിന്നാണ് മലയാളി 'കോലത്ത് നാട്ടിലെ തെയ്യം കഥകളും ' ' അറക്കൽ ബീവിയും മുരിക്കഞ്ചേരി കേളു'മെല്ലാം കണ്ടത്.

പക്ഷേ, കരിപ്പത്ത് മാഷിനെ കേട്ടും കണ്ടും വായിച്ചും ആ വെളിച്ചം അനുഭവിച്ചവർക്ക് ഒരു സംശയം ബാക്കിയാണ്. ഈ പ്രതിഭയെ വേണ്ടവിധം ആദരിക്കുവാൻ കേരളത്തിനു കഴിഞ്ഞോ...? എന്ന സംശയം.അതു കേൾക്കേണ്ടവർ ഇരുട്ടത്തിരുന്നു കൊണ്ട് വെളിച്ചത്തിനു നേരെ കണ്ണടക്കുന്നു എന്നതാണ് സങ്കടം.

[ കവർ സ്റ്റോറി ]

# ഡോ. ആർ. സി. കരിപ്പത്ത് എന്ന വിശിഷ്ടവ്യക്തിത്വം



കെ.കെ. ഗോവിന്ദൻമാസ്റ്റർ

സുഖവും ദുഃഖവുമില്ലാത്ത ഒരു ലോകത്തെക്കുറിച്ച് നമുക്ക് സങ്കല്പിക്കുവാൻ സാധ്യമല്ല. രണ്ടു ദുഃഖങ്ങളുടെ ഇടവേളയാണ് സുഖമെങ്കിൽ ദുഃഖമെന്തെന്നറിയാതെ സുഖമെങ്ങനെ അനുഭവവേദ്യമാകും? ഒന്നിനെയും ഉപേക്ഷിക്കേണ്ട, ആഗ്രഹിക്കുകയും വേണ്ട. എന്നാലും സുഖദുഃഖങ്ങൾ വന്നുംപോയുമിരിക്കും. ഇരുളും വെളിച്ചവും ചേർന്നതാണല്ലോ ജീവിതം! എല്ലാത്തിനെയും സ്നേഹപൂർവ്വം സ്വീകരിക്കുക. അപ്പോൾ ശാന്തിയും സ്ഥിരതയും കൈവരും. ശാന്തിമന്ത്രം മൂന്നുരു ഉരുവിടാറുണ്ട്, എന്തിന്? ആദ്യം ശരീരത്തിന്, പിന്നെ മനസ്സിന്, മൂന്നാമത് ജീവാത്മാവിന്. അപ്പോൾ ഒരാൾ ഒരു വ്യക്തിയല്ല, മൂന്നിന്റെ സംയോഗമാണ്.

1. നിങ്ങൾ ചിന്തിക്കുന്നു നിങ്ങൾ – ശരീരം
2. മറ്റുള്ളവർ ചിന്തിക്കുന്ന നിങ്ങൾ – മനസ്സ്
3. യഥാർത്ഥത്തിലുള്ള നിങ്ങൾ – ആത്മാവ്

ഇവ മൂന്നും ശാന്തിയിലാകണം.അതാകണം ലക്ഷ്യം. അതു സാധിച്ചവർ ഭാഗ്യവാന്മാർ!

എന്റെ മാന്യസുഹൃത്ത് ഡോ. ആർ.സി. കരിപ്പത്തിനെ വാക്കുകളിൽ തളക്കാൻ പുറപ്പെട്ടപ്പോൾ മനസ്സിൽ കടന്നുവന്ന ഒരു താത്ത്വികചിന്തയാണ് മുകളിൽ കുറിച്ചത്. ശരീരം, മനസ്സ്, ആത്മാവ് എന്നീ ത്രിതയത്തിൽ ശരീരവും ആത്മാവും മാറ്റമില്ലാതെ ഒരേ ഘടനയിൽ വർത്തിക്കുമ്പോൾ മനസ്സ് സാങ്കേതികമായും സാന്ദർഭികമായും സങ്കോചിക്കുന്നു, വികസിക്കുന്നു, ചഞ്ചലപ്പെടുന്നു, രൂപാന്തരപ്പെടുന്നു. അതേ, ഒരാൾ മറ്റൊരാളെ പരിഗണിക്കുന്നതും പരാമർശിക്കുന്നതും വിമർശിക്കുന്നതും വിലയിരുത്തുന്നതും മറ്റും മനസ്സിനെ കേന്ദ്രീകരിച്ചുകൊണ്ടാണ്. 'മനമേവ മനുഷ്യാണാം കാരണം ബന്ധമോക്ഷയോ:' (ബന്ധമോചനങ്ങൾക്കു കാരണം മനസ്സാകുന്നു) എന്ന തത്ത്വവും ഉദ്ഘോഷിക്കുന്നത് മറ്റൊന്നല്ല. ആകയാൽ ഒരുവൻ എന്തായിത്തീരണമെന്നു തീരുമാനിക്കേണ്ടതു മനസ്സിലാണ്. എടുക്കുന്ന തീരുമാനത്തിൽ ഇച്ഛാശക്തിയോടെ ഉറച്ചുനിന്നു പ്രവർത്തിക്കുവാൻ കഴിയുമെങ്കിൽ അയാൾ അതായിത്തീരും. ഇതിൽ അപവാദവാദങ്ങൾ സംഭവിച്ചുകൂടായ്കയില്ല. എങ്കിലും പ്രായേണ അതാണ്ശരി. 'യദ് ഭാവം തദ്ഭവതി' (ചിന്തയെങ്ങനെയോ അതായി ഭവിക്കുന്നു) എന്ന ഉപനിഷദ്വാക്യം ഉരുവിടുന്നതും അതുതന്നെ. വേണമെങ്കിൽ മാനവന് മാധവനാകാം, ദാനവനുമാകാം. എന്റെ സുഹൃത്ത് ശ്രീമാൻ കരിപ്പത്ത്മാഷ് മാനവനിൽനിന്നും മാധവനാകാൻ പുറപ്പെട്ട വഴിയിൽ മുന്നേറുകയാണ്. ഇവിടെ ദേഹവും ആത്മാവും സാക്ഷിമാത്രമാകുന്നു.

മനോവ്യാപാരം അഥവാ മനഃസ്ഥിതി എന്തുമാത്രം നേരും ന യും മേ യും കൊണ്ടു സമ്പന്നമായി, കർമ്മരംഗത്തു പ്രവർത്തനക്ഷമമാകുന്നുവോ അത്രമാത്രം അതുജീവിതാവിഷ്കാരോപാധിയായി പരിണമിക്കുന്നു. വളക്കൂറുള്ള മണ്ണിൽ സസ്യങ്ങൾ സമൃദ്ധമായി വളരുംപോലെ. ഡോ. ആർ.സി. കരിപ്പത്ത് എന്ന ചതുഷ്പദിയിൽ മനസ്സൂന്നുമ്പോൾ ഞാൻ വായിച്ചെടുക്കുന്നതു ഇങ്ങനെയൊക്കെയാണ്. ഈ ചതുഷ്പദി എനിക്ക് പ്രിയങ്കരമായിത്തീർന്നതും അതുകൊണ്ടുതന്നെ.

നിങ്ങളുടെ സുഹൃദ്വലയത്തിൽ ഏറ്റവും ഇഷ്ടപ്പെടുന്ന നാലഞ്ചുപേരെ ചൂണ്ടിക്കാണിക്കാമോ എന്ന് ആരെങ്കിലും ചോദിച്ചാൽ ഡോ. ആർ.സി. കരിപ്പത്ത് എന്ന നാമധേയം ഞാനതിൽ ചേർത്ത് പറയും. ആഴവും പരപ്പുമേറിയ ഒരു കർമ്മകാണ്ഡത്തിന്റെ ഉടമയാണ് കരിപ്പത്ത് മാഷ്. ഉത്തരകേരളത്തിൽ ഏറെക്കുറേ സുപരിചിതനായ ഈ ബഹുമാന്യ ദേഹം 'ബഹുമുഖപ്രതിഭ' എന്ന വിശേഷണത്തിനു എന്തുകൊണ്ടും അർഹനാകുന്നു. ഗദ്യപദ്യങ്ങളിൽ ഒരുപോലെ കൃതഹസ്തനായ ഈ സുമനസ്സ് കവിത, ഉപന്യാസം, നാടകം, കഥാപ്രസംഗരചന, പ്രഭാഷണം, സാഹിത്യഗവേഷണം, നാടൻകലാനിരൂപണം, മാധ്യമപ്രവർത്തനം തുടങ്ങി പല മേഖലകൾക്കും ഇതിനകം വിലപ്പെട്ട സംഭാവനകൾ




നൽകിക്കഴിഞ്ഞിരിക്കുന്നു. അതിനനുയോജ്യമായ അംഗീകാരങ്ങളും അദ്ദേഹത്തെ തേടിയെത്തി.

കരിപ്പത്ത്മാഷിന്റെ കവിതകൾ നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ ചൂടും വെളിച്ചവും പകർന്നുകൊണ്ടു സനാതനമൂല്യങ്ങളേയും സമകാലികജീവിതത്തെയും ആവിഷ്കരിക്കുന്നവയാണ്. താൻ വിഹരിക്കുന്ന മേഖല ഏതുമാകട്ടെ, തന്റെ കരവിരുത് കാണിക്കുവാൻ കെല്പുള്ള പരിനിഷ്ഠിതമായ പാണ്ഡിത്യവും പരിചയവും അദ്ദേഹത്തിനുണ്ട്. എങ്കിലും താൻ സർവ്വജ്ഞനാണെന്ന, 'ഒരഹം' അദ്ദേഹത്തെ സ്പർശിക്കുന്നേ ഇല്ല. ചെറുചിരിയിൽ പൊതിഞ്ഞ ഏതാനും വാക്കുകൾകൊണ്ടു പരിചയം പുതുക്കൽ, ലളിതവും ശുദ്ധവുമായ വസ്ത്രധാരണം, വിനയാന്വിതമായ പെരുമാറ്റം എന്നിവ ഈ സുഹൃത്തിന്റെ മുഖമുദ്രകൾ തന്നെ.

പ്രഭാഷണരംഗത്ത് ഏറെ പ്രതീതനായ കരിപ്പത്ത് മാഷിന് ജനസാമാന്യത്തെ വശീകരിക്കുവാനുള്ള അസാമാന്യമായ പാടവമുണ്ട്. നാട്ടറിവിന്റെയും കേട്ടറിവിന്റെയും കരകാണാത്ത കലവറയായ അദ്ദേഹം ശ്രോതാക്കളുടെ മുമ്പിൽ, സരസവും സുസ്ഫുടവുമായ ശൈലിയിൽ തന്റെ വിമലപ്രബോധനങ്ങൾ കോരി വിളമ്പുവാൻ ഒരിക്കലും പിശുക്കു കാട്ടാറില്ല. ചിരിക്കുവാനും ചിന്തിപ്പിക്കുവാനുമുള്ള വക അതിൽ വേണ്ടുവോളം കാണും. കാവ്യശീലുകൾ, സൂക്തികൾ, പഴഞ്ചൊല്ലുകൾ, തോറ്റംപാട്ടുകൾ, ഞാറ്റുപാട്ടുകൾ എന്നിങ്ങനെ പലതും രംഗപ്രവേശം ചെയ്യും. ഇത്തരം സന്ദർഭങ്ങൾക്കു സാക്ഷ്യം വഹിക്കുമ്പോൾ മൺമറഞ്ഞ വന്ദ്യഗുരുനാഥനായ ഏ.കെ. കൃഷ്ണൻ മാസ്റ്ററെന്ന സരസ സാരസ്വത വാഗ്മി ഇവിടെ വീണ്ടും ചേക്കേറിയോ എന്നെനിക്കു തോന്നിപ്പോകാറുണ്ട്. നെയ്യിൽ വറുത്ത് തേനിൽ മുക്കിയ ആ വാഗ്വൈഭവത്തിനു എന്റെ ഹാർദ്ദവമായ വണക്കം! ഞങ്ങൾ രണ്ടുപേരും ഭാഷാധ്യാപകരായിരുന്നുവെന്ന ഒരു സാമ്യത ഇവിടെ ചൂണ്ടിക്കാണിക്കട്ടേ! എന്റെ രണ്ടുപുസ്തകങ്ങളുടെ അവതാരകനായി, അദ്ദേഹം എനിക്കേറെ ഊർജ്ജം പകർന്ന സന്ദർഭവും ഞാനിവിടെ സ്മരിക്കുന്നു. കവിയും ചരിത്രകാരനും സഹൃദയനും എല്ലാം സമ്മേളിക്കുന്ന ലിഖിതങ്ങൾക്കും കൃതകേതരമായ നന്ദി!

കൂടുതൽ എഴുതുന്നില്ല; വിസ്തരിക്കുന്നില്ല. 'കാലം കുറഞ്ഞ ദിനമെങ്കിലും ദീർഘം മാലേറെ വായ്ക്കലുമതീവമനോഭിരാമം' എന്ന കുമാരകവിയുടെ മൊഴികൾ അന്വർത്ഥമാക്കിക്കൊണ്ടിരിക്കുന്ന 'ആർ.സി. കരിപ്പത്ത്' എന്ന 'ഷഡാക്ഷരി' അകമേ സുഖമേ വാഴട്ടെ!

# അശ്വത്ഥത്തണലായൊരു മഹാപ്രതിഭ



കൃഷ്ണൻ നടുവലത്ത്

സ്വന്തം സത്തയെ കാട്ടിത്തരുന്നവനാണ് യഥാർത്ഥ ഗുരു. സ്വയം പ്രകാശിക്കുന്ന വിളക്കാവാൻ പ്രേരിപ്പിക്കുന്നവനാകണം ഗുരു. അറിവിന്റെ അടിച്ചേല്പിക്കലിലല്ല, അതിന്റെ ആഴത്തിലേക്കും വ്യാപ്തിയിലേക്കും സൗമ്യ ശാന്തമായും പ്രസാദമാധുര്യത്തോടെയും വഴി തെളിക്കുന്നതാകണം ഗുരു ദൗത്യം. ആയിരക്കണക്കിനു ശിഷ്യസമ്പത്തിന്നുടമയായ ഡോ.ആർ.സി. കരിപ്പത്ത് അത്തരം അനുഗൃഹീതനായ അധ്യാപകനാണ്.

കുറച്ചു നാളുകൾ മാത്രമേ ആ ആകർഷകമായ ബോധനത്തിന്റെ സ്വാദറിയാൻ ഈ യുള്ള വനു സാധിച്ചുള്ളൂവെങ്കിലും ആ പ്രഭാപൂരത്തിന്റെ പ്രതിഫലനമാകണം എന്റെ സാഹിതീസപര്യയിലെ സൌഭാഗ്യം. മറ്റുള്ളവരുടെ മുന്നിൽ വച്ച് അംഗീകരിച്ചും അഭിനന്ദിച്ചും നല്ല വാക്കുകൾ പറയുന്ന ആ ഔന്നത്യം മറ്റു പലർക്കുമില്ലാത്തതാണ്.

തികഞ്ഞ നർമ രസികത്ത്വം , അഭിനയപാടവം, സംഗീത ബോധം , ജ്ഞാനതൃഷ്ണ വാത്സല്യ ഭാവം ഇവകളുടെ സമ്യക്കായ സല്ലയനമാണ് ആർ. സി. കരിപ്പത്ത് എന്ന ഗുരുനാഥന്റെ സവിശേഷത.

ഉത്തരമലബാറിന്റെ കാവ്യ പഥികരിൽ മഹാകാവി പി യുടെ തലമുറക്കു ശേഷം ശ്രദ്ധേയരായ കവികളായ പ്രൊഫ. മേലത്ത് ചന്ദ്രശേഖരനൊപ്പം കരിപ്പത്തു മാഷും ഉന്നത ശീർഷനായി നിലയുറപ്പിച്ചിരുന്നു. ശയ്യാഗുണ മുള്ളതും ഭാവ പ്രധാനവും അനുഭൂതി ദായകവുമാണ് അദ്ദേഹത്തിന്റെ കവിതകൾ. ആ കവിതകൾ സ്വന്തം വാസനാ വൈഭവത്തോടെ ആസ്വാദ്യകരമായി കവിയരങ്ങുകളിൽ അവതരിപ്പിക്കുമ്പോൾ സദസ്സ് വീർപ്പടക്കി ഹൃദയത്തിലേറ്റുവാങ്ങുന്നതിന് പലപ്പോഴും ഈയുള്ളവൻ സാക്ഷിയായിട്ടുണ്ട്. തന്നിൽ നിന്നും കവിതയുടെ ബാല പാഠങ്ങൾ ആർജിച്ച്



കാഥികനായ കരിപ്പത്ത്
(1980 –1986)

നിന്നും കവിതയുടെ ബാല പാഠങ്ങൾ ആർജിച്ച് ഇന്ന് മഹാകവികളായി വിലസുന്ന ചിലർ ജീവിത ഗന്ധിയായ ആ കാവ്യ തീർത്ഥം ഒരു തവണ കൂടി ആ ചമിച്ചിരുന്നെങ്കിലെന്ന് വെറുതെ വിചാരിച്ചു പോകയാൺ നല്ലൊരു കവി മാത്രമല്ല ശക്തമായ കഥാ രചനയിലും അദ്ദേഹത്തിന്റെ കൈയൊതുക്കം അസൂയാവഹമാണ്. അദ്ദേഹത്തിന്റെ നിരവധി ചെറുകഥകളും കോലത്തു നാട്ടിലെ തെയ്യം കഥകളും കഥാരചനയുടെ ഡി. എൻ. എ. തിരിച്ചറിഞ്ഞതിന്റെ നിദർശനങ്ങളാണ്. അദ്ദേഹത്തിന്റെ ഗവേഷണ പാടവത്തിന്റെ അടയാളപ്പെടത്തലുകളാണ് മാവിലരുടെ പാട്ടുകൾ, അറക്കൽ ബീവിയും മുരുക്കഞ്ചേരി കേളുവും , തിരുനിഴൽ മാല ഇവകളെ അധികരിച്ചുള്ള പഠനങ്ങൾ. കരിപ്പത്ത് മാഷെന്ന ഫോക് ലോറിസ്റ്റിനെയാണ് മലയാളം എക്കാലവും നെഞ്ചേറ്റുന്നത്. അപാരമായ ക്ഷമയും ഗവേഷണ ബുദ്ധിയും ആവേദകരോടുള ആത്മബന്ധവും, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള അതിരുകളില്ലാത്ത കാരുണ്യവും കൊണ്ട് ഉരുവപ്പെട്ടതാണ് ഡോ. ആർ. സി. കരിപ്പത്തിന്റെ തെയ്യപ്രപഞ്ചം ഉൾപ്പെടെ ഉള്ള അമൂല്യമായ കൃതികൾ.'ബ്രിട്ടീഷ് സാമ്രാജ്യം നഷ്ടപ്പെട്ടാൽ പോലും ഷേക്സിപ്പിയർ കൃതികൾ പരിരക്ഷിക്കണ'മെന്ന് കാർലൈൻ അഭിപ്രായപ്പെട്ടത് പോലെ; മറ്റെന്ത് നഷ്ടപ്പെട്ടാലും 'തെയ്യപ്രപഞ്ച' മെന്ന ഒറ്റ കൃതി മതി ഈ മഹാമനീഷിയുടെ ഗവേഷണത്തികവിനെ തിരിച്ചറിയാൻ. ഭാഷയിലും ഫോക് ലോറിലും അഗാധ പാണ്ഡിത്യമുള്ള കരിപ്പത്ത് മാഷിനെയാണ് സംശയ ദുരീകരണത്തിനായി ഗവേഷക വിദ്യാർത്ഥികളും സാംസ്കാരിക പ്രഭാഷകരും ഭാഷാധ്യാപകരും പലപ്പോഴും സമീപിക്കുക.

മികച്ച കാഥികൻ, സംഗീത ശില്പകാരൻ, ഗാനരചയിതാവ്, നാടകകൃത്ത്, ഗ്രാമീണ സദസ്സുകളെ തന്റെ പ്രഭാഷണ ചാതുരിയുടെ മാന്ത്രിക സ്പർശത്താൽ അത്ഭുത പരതന്ത്രരാക്കുന്ന സമാനതയില്ലാത്ത സിദ്ധിയുടെ ഉടമ ; അതെ മലയാള ഭാഷയുടെ മാധുര്യവും ഓജസ്സും തെളിമയും ആവാഹിച്ച വാക്കുകളുടെ ജോതിസ്സാണ് കരിപ്പത്തിന്റെ ആവിഷ്ക്കാരങ്ങളിൽ തിളയ്ക്കുന്നത്. പ്രലോഭനങ്ങളിലോ അധികാരത്തിന്റെ സ്ഥാനമാനങ്ങളിലോ തലകുനിക്കാത്ത ധിക്കാരിയുടെ കാതലാണ് ആ വ്യക്തിത്വം. പുരസ്ക്കാര ങ്ങളുടെ പിന്നാലെ പോകാത്ത തലയെടുപ്പിന്റെ ആൾ രൂപമാണദ്ദേഹം. തന്റെ നിഴൽ പറ്റി അഭ്യാസപാടവത്താൽ ഞെളിഞ്ഞു വളരാൻ ശ്രമിക്കുന്നവർ അരങ്ങ് തിമിർക്കുമ്പോഴും , ആരോടും പരിഭവമില്ലാതെ നാടോടി വിജ്ഞാനത്തിന്റെ മഹാരഥ്യയിലൂടെ സഞ്ചരിക്കുകയും, അവ പൊതുമണ്ഡലത്തിലേക്ക് സംക്രമിപ്പിക്കുകയുമാണ് ഈ കർമയോഗി. ലളിതമധുരവും ആകർഷണീയവുമായ ആ ഭാഷ തെളി മലയാളത്തിന്റെ നൈർമല്യത്തെദ്യോതിപ്പിക്കുന്നവയാണ്. നിരക്ഷരരുടേതായ ഗ്രാമീണ സദസുകളിലും, അക്കാദമിക പണ്ഡിത സദസ്സുകളിലും കയ്യടി നേടുന്ന അദ്ദേഹത്തിന്റെ പ്രഭാഷണ ചാതുരി ആരെയും വിസ്മയിപ്പിക്കുന്നതാണ്.

ദിവസം രണ്ടും മൂന്നും വേദികളിൽ സംസാരിച്ചിരുന്നു ഒരു കാലത്ത് മാഷ്. അത്രയും ആകർഷണീയമാണ് ആ പ്രഭാഷണങ്ങൾ. അനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നും രൂപപ്പെട്ടതാണ് ഈ മഹാ സിദ്ധികളൊക്കെയും. നിരവധി അംഗീകാരങ്ങൾ അദ്ദേഹത്തെ തേടി വന്നു. ഏറ്റവുമൊടുവിൽ കേരള സാമൂഹ്യ നീതി വകുപ്പിന്റെ പ്രഥമ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും ഈ നാടൻ കലാ ഗവേഷകനെ തേടിയെത്തി.

അവഗണനയുടെ കരിന്തുണി കൊണ്ട് ആരു മറയ്ക്കാൻ ശ്രമിച്ചാലും, ഈ ജ്ഞാനസൂര്യന്റെ പ്രഭാവം കൂടുതൽ കൂടുതൽ ഉജ്ജ്വല മാവുകയേയുള്ളൂ. ഒരാൾ ജീവിക്കുന്ന വർഷങ്ങളല്ല, വർഷിക്കുന്ന ജീവിതമാണു പ്രധാനം. പൂർണ ജ്ഞാനം പൂർണ സ്നേഹം പോലെയാണെന്ന ശ്രീബുദ്ധ വചനം കരിപ്പത്തു മാഷെ സംബന്ധിച്ചിടത്തോളം തീർത്തും പ്രസക്തമാണ്. സപ്തതിയിലെത്തി നിൽക്കുന്ന സ്നേഹനിധിയായ പ്രിയ കാവ്യ ഗുരുവിന്റെ ജീവിതം കാവ്യാത്മകവും ആയുരാരോഗ്യ സൗഖ്യം നിറഞ്ഞതുമാകട്ടെയെന്നാശംസിക്കുന്നു.

[ കവിത ]



പ്രേം കൃഷ്ണൻ

# ചെറുകല്ല് വീണ് ജലത്തിന്റെ കവിൾ പൊട്ടുന്നു

പകലുകളിൽ
പ്രാണന്റെ കായ്കളെത്രെ
കൊത്തിയകന്നു പോകുന്നു
കാറ്റിന്റെ യാമയാനങ്ങൾ

അജ്ഞാതമാം
ഇലയിടുക്കുകളിൽ
കൊത്തി വയ്ക്കുന്നുണ്ടാകാം
മരിച്ചവരുടെ മൗനഭാഷകൾ

യാത്ര പോകും വഴിയഴിഞ്ഞു പോയൊരു
വരിയുടെ നിഴൽ
ഏകാന്തതകൾ പാകുന്നു

എത്രയകലെയാണ്
ഇഴ പാകിയകന്ന രാത്രിമഴയുടെ
സമരസപ്പെടാതെ പോയ സങ്കീർത്തനം

മടങ്ങി വരവില്ലായിരിക്കാം
കടൽ പോലെ പെരുത്ത
തുള്ളികൾക്കിടയിലും
എന്തിനോ ദാഹിച്ച
വരികൾക്കായതിൻ
നേർത്ത വിരലുകൾ

മരിക്കും മുമ്പ് ജീവിച്ചിരുന്നെന്ന്
തെളിയിക്കാൻ
തന്റേതായ ഒരു വാക്ക് തിരയുന്നു
ജനന മരണത്തിന്റെ നേർത്ത വഴിത്താര

ഉള്ളിൽ മാഞ്ഞ് തുടങ്ങിയ
കല്ലക്ഷരങ്ങളിൽ ജലം മൂടിയിരിക്കുന്നു.
ഇല പോലൊരു ചെറുകല്ല് വീണ
ജലത്തിന്റെ കവിൾ പൊട്ടുന്നു

വെറുതെ ചിരിക്കാൻ തയ്യാറെടുത്ത
വികാരത്തിന്റെ പിന്നിലേക്ക്
അനന്തമായ് വരിയിടുന്നു
മഴയ്ക്ക് മുന്നേ
മൗനം മൂടി കെട്ടിയ
മേഘക്കുന്നുകൾ

ഇനിയുമെത്ര
അകലെയാണ്
ഇഴ പാകിയകന്ന രാത്രിമഴയുടെ
സമരസപ്പെടാതെ പോയ
ആ സങ്കീർത്തനം....




# സിംഗർ നിലയ്ക്കുമ്പോൾ

വീടിനടുത്ത വളവിലെ
വിട്ടുവിട്ടു പറക്കുന്ന
തുന്നൽതാളം കേൾക്കാതെ
വന്നതും പോയതുമില്ലിതുവരെ

പുത്തനുടുപ്പുമണങ്ങളിൽ
പിന്നോട്ടുപോകുന്നു കാലം
ഡബിൾമുണ്ടിന്റെ  പിഞ്ഞിയ കര
നീളത്തിലൊരു സാരീഫാൾ
കുഞ്ഞുടുപ്പിൽ  ചിത്രത്തുന്നൽ
മഴത്തുടർച്ചയിൽ
പാതിയുണങ്ങിയ യൂണിഫോം
ഇൻറ്റർലോക്കുകളെന്നോണം
ഇഴകളങ്ങനെ നീളുന്നു

അടുക്കിലിഴവീണപലനിറച്ചേലുകളിൽ
നേരമില്ലാതോടിയ സൂചിമുനകൾ
അനുസരണയോടെ പിന്തുടർന്ന
കണ്ണടക്കാഴ്ച

എൺപതുകളിൽനിന്നൊരു സിംഗർ*
എണ്ണയിട്ടോടിവന്ന്
ഒറ്റനിൽപ്പുനിൽക്കുന്നു.
പാതിതുന്നിയ കൈയുംകഴുത്തും
ഒച്ചവെക്കും ഫാനിനൊപ്പം
നോക്കുകുത്തിക്കോലം തുള്ളുന്നു.

ഇഴുകിവീഴുന്നുണ്ട്
നിഴലുപോൽ
സൂചിക്കണ്ണിൽനിന്നും
കറുപ്പുനൂൽ.

അവയ്ക്കിടയിൽ
പടിയിറങ്ങിപ്പോകുന്നു
ജീവശ്വാസം.

*വളരെ വർഷങ്ങളായുള്ള തയ്യൽ മെഷീൻ ബ്രാൻഡ്

[ കവിത ]



# യാത്ര തുടരട്ടെ

പ്രേമചന്ദ്രൻ ചോമ്പാല

മേനിയാകെ ചടച്ചുവെന്നാകിലും
മുടിയിഴകൾ നരച്ചുവെന്നാകിലും
ഊർജ്ജമാർന്നൊരു ചിത്തമുണ്ടാകയാൽ
ഖിന്നതയില്ലിന്നെനിക്കൊട്ടുമേ....

ജീവിതത്തിന്റെ സായന്തനത്തിലാ
യെത്തിനിൽക്കുന്നു ഞാനിതെന്നാകിലും
ദുർബ്ബലമായ നിസ്വവർഗ്ഗത്തിന്റെ
ഉന്നതിക്കായ് പൊരുതുന്നിതിപ്പൊഴും....

ആക്രോശമെന്റെ ദൗർബ്ബല്യമെപ്പൊഴും
പോരാട്ടമാണു ജീവിതം തന്നെയും
ആയതിനാൽ മരണം വരേയ്ക്കു ഞാൻ
തുടരുമെൻ പോരാട്ടമെന്നറിയുവിൻ....

ലക്ഷ്യമെത്തുവാനായിരം കാതം
താണ്ടുവാനുണ്ടിനിയുമെൻ കൂട്ടരേ
ആകയാൽ ഞാൻ വിശ്രമമില്ലാതെ
യാത്ര തുടരുന്നഭംഗുരമിപ്പൊഴും....



[ കവിത ]





നിഷ ടി പി

# കാവ്യബിംബങ്ങൾ

കൊടുങ്കാറ്റുകൾക്കിടയിലൂടെ
ചുറ്റിവളഞ്ഞ
ഒറ്റവരിപ്പാതയാണെന്റെ കവിത

ചിലപ്പോൾ
ഓർമകളുടെ തീക്കാട്ടിൽ നിന്ന്
പാതി കത്തിയ വാക്കുകൾ
വരിവരിയായി ഇറങ്ങിവരും....

കണ്ണീരും കിനാക്കളും
കുഴഞ്ഞുമറിഞ്ഞ ഇടവഴികൾ...
ഭ്രാന്തിൽനിന്നും ഭ്രാന്തിലേക്കുണരുന്ന
പകലുകൾ...

തിളക്കം നഷ്ടപ്പെട്ട കുപ്പിവളകൾ...
ചിത്രശലഭങ്ങൾ പൂവിലെഴുതിയ പരിഭവങ്ങൾ...

പിണങ്ങിപ്പിരിഞ്ഞ മഴമേഘങ്ങൾ..
കാണാതാവുന്ന വയൽപ്പച്ചകൾ

നീരുണങ്ങിച്ചത്ത കാട്ടുചോലകൾ
കൂട്ടം തെറ്റിയ കിളിയൊച്ചകൾ .
അങ്ങനെയങ്ങനെ.,

തോൽവിയെന്ന ശീർഷകമിട്ട്
ഭൂമിയുടെ അറ്റത്തോളമെത്തുന്ന
കാവ്യബിംബങ്ങൾ

അപ്പോഴേക്കും
അടുത്ത കാറ്റിന്റെ മുഴക്കം കേൾക്കാം

ആ നേരത്തായിരിക്കും
പുഴ ചുവന്നുകലങ്ങിയൊഴുകുക
സാന്ധ്യമേഘങ്ങൾ
ചോരതുപ്പിക്കിതയ്ക്കുക
ഇടിമിന്നലുകൾ
അവസാനത്തെ വരി പൂരിപ്പിക്കുക

[ കവിത ]



# വേട്ടയ്ക്കൊരു മകൻ

രമേശൻ പുതിയകണ്ടം

വേട്ടയ്ക്കിടയിൽ പിറന്നു പണ്ടേ
വേട്ടയ്ക്കൊരു മകൻ പേർ പിറന്നു
വേട്ടയ്ക്കൊടുവിലായ് മലയിറങ്ങി
ഇരയുടെ ജന്മമായ് മണ്ണിൽ ഞാനും.

ഏതോ നിശാഗന്ധി പൂത്ത കാലം
ഏതോ നിലാപ്പക്ഷി വന്ന കാലം
മാന്തളിർ നുള്ളി കഴിഞ്ഞ കാലം
മാതാവിൽ വിശ്വത്തെ കണ്ടകാലം.

അഞ്ചുയോദ്ധാക്കളെ പൂട്ടി ഞാനും
ഒറ്റയ്ക്ക് തേർത്തട്ടിൽ നിന്ന കാലം
അതിശയരൂപം പകർന്നാടി ഞാനുമീ
പോർക്കളമൊന്നായ് വാണ കാലം.

പ്രീതിയോടൊന്നു വിളിച്ചുണർത്താൻ
ശാസനയാലൊന്ന് നിലയിൽ നിർത്താൻ
ആശ്ലേഷിച്ചെന്നെന്നും കൂടെയുണ്ടെന്നാ
ശ്വാസമേകാത്ത ബാല്യങ്ങളും

കയ്യിൽ കരുതുമെൻ ആയുധങ്ങൾ
കൈക്കരുത്തായി നിറഞ്ഞ കാലം
വിണ്ണിലെ സ്ഥാനമലങ്കരിക്കും
വിണ്ണോർക്ക് ഞാനും മടുത്ത കാലം

കാഴ്ചകൾ മങ്ങുന്ന സായന്തനത്തിൽ
ചില്ലകൾ തേടിയാ രാക്കിളി തേങ്ങവെ
ഓർത്തെന്നെടുക്കുവാനൊന്നുമില്ല
മായാത്ത മുറിവിന്റെ നോവുമാത്രം.

കോരിച്ചൊരിയുന്ന മഴയത്ത് എന്നുടെ
കണ്ണുനീർ ആരുമെ കണ്ടതില്ല
തീച്ചൊരിയുന്നൊരു മീനമാസത്തിലെ
വേനലിലെൻ പക വാടിയില്ല
ആർത്തിരമ്പീടുന്ന സാഗരമാലകൾ

എൻ മനോവേദന മായ്ച്ചതില്ല
കനലു പുകയുമീ ഹൃത്തിലായിത്തിരി
കാളമേഘങ്ങളോ പെയ്തതില്ല

കർമ്മഫലങ്ങളെ കാത്തിരിക്കെ
കർമ്മബന്ധങ്ങളെ യറുത്തു മാറ്റാൻ
കർമ്മത്തിനാശ്രയം കൊണ്ടു നീങ്ങാൻ
കർമ്മത്തിനാലംബമീ ചുരിക

ഈ മരച്ചോട്ടിലായ് കാത്തിരിക്കാം
പൊഴിയുമീ ഇലകൾക്ക് കൂട്ടിരിക്കാം
വിടരുന്ന നാമ്പുകൾ കണ്ടിരിക്കാം
നാളെ
കൊഴിയുവാൻ പാകത്തിൽ ചാഞ്ഞിരിക്കാം.



# അറിവിന്റെ ചിലമ്പൊലിക്ക് സപ്തതി



മുരളീമോഹനൻ.കെ.വി

'തെയ്യ പ്രപഞ്ച'മെന്ന വിസ്മയപ്രപഞ്ച സ്രഷ്ടാവ് ശ്രീ ആർ. സി.കരിപ്പത്ത് മാസ്റ്റർ സപ്തതിയുടെ സോപാനപ്പടിയിൽ എത്തി നിൽക്കുന്നത് സർഗ്ഗലോകത്തിന് ആനന്ദാതിരേകമാണ്. പ്രപഞ്ചത്തോളം തന്നെ കാല വിസ്തരണം നടത്താവുന്ന സംസ്കൃതിയുടെ ഉദയാരംഭം മുതൽ തുടങ്ങിയതാണ് അറിവ് തേടിയുള്ള മനുഷ്യന്റെ പ്രയാണം. അറിവ് നേടിക്കഴിഞ്ഞാൽ അത് പകർന്നു നൽകുക എന്നതാണ് മനുഷ്യ ധർമ്മം. ഈ ആചാര്യ ധർമ്മം തെയ്യപ്രപഞ്ചം എന്ന തന്റെ പുസ്തക രചനയിലൂടെ സാക്ഷാത്ക്കരിച്ച പണ്ഡിതരത്നമാണ് ശ്രീ കരിപ്പത്ത് മാസ്റ്റർ.

സാഗര സമാനമാണ് അറിവ് എന്നത് ആചാര്യ മതം. അറിവിനെ ജീവിത വ്രതമാക്കിയവരാണ് അറിവ് തലമുറകളിലേക്ക് പകർന്നു നൽകുന്നത്. ബൃഹത്തായ ഒരു പാരമ്പര്യമാണ് അറിവു പകർന്നുകൊടുക്കുകയെന്നത്. അനുസ്യൂതമായ കാലപ്രവാഹത്തിൽ പല അറിവുകളും പുതിയ തലമുറകളിലേക്ക് എത്തുന്നതിനു മുന്നേ കാലയവനികയ്ക്കുള്ളിലേക്ക് മറഞ്ഞു പോയിട്ടുണ്ട്. ആധുനികതയുടെ തേരോട്ടത്തിൽ ഛിന്നമാക്കപ്പെടാൻ സാധ്യതയുണ്ടായിരുന്ന ഒരു സാമ്പ്രദായിക അനുഷ്ഠാനമായ തെയ്യം എന്ന ദൈവിക ആരാധനയെ ഒരു വിജ്ഞാന കോശത്തിൽ സ്ഥിരപ്രതിഷ്ഠ നടത്തിയ മഹാ പണ്ഡിതനാണ് ശ്രീ. ആർ. സി. കരിപ്പത്ത്.

വടക്കെ മലബാറിന്റെ സംസ്കാര സത്തയായ തെയ്യമെന്ന വിസ്മയ പ്രപഞ്ചത്തെ വായനക്കാരുടെയും ആരാധകരുടെയും ദൃശ്യപ്രപഞ്ചത്തിലേക്ക് സമന്വയിപ്പിച്ച ഋഷി തുല്യനായ എഴുത്തുകാരനാണ് അദ്ദേഹം. സമുദ്രത്തിന്റെ ആഴവും ആകാശത്തിന്റെ വിശാലതയും തെയ്യപ്രപഞ്ചത്തിന്റെ താളുകൾ മറിക്കുമ്പോൾ ലഘുത്വം സ്വീകരിക്കുന്നത് അദ്ദേഹത്തിന്റെ അപാര പാണ്ഡിത്യത്തിനുള്ള ദൃഷ്ടാന്തമാണ്.

തെയ്യങ്ങളുടെ ചരിത്രവും തത്വവും ആചാരാനുഷ്ഠാനങ്ങളും ഒരുപാസകനെ പോലെ പിന്തുടർന്ന് തെയ്യം പഠിതാക്കൾക്കും ഗവേഷകർക്കും പുതിയ വഴി കാണിച്ചു കൊടുത്ത നിസ്വാർത്ഥനായ അധ്യാപകനുമാണ് ശ്രീ. ആർ. സി.കരിപ്പത്ത് .

ഇരുട്ടിനെ ഭേദിക്കുന്ന ചൂട്ടു വെളിച്ചത്തിൽ കളിയാട്ടക്കാവുകളിൽ വിശപ്പും ക്ഷീണവും മറന്ന് ഉറക്കമൊഴിച്ച് കണ്ട തെയ്യങ്ങളെ മനസ്സിന്റെ തിരുമുറ്റത്ത് പുനർനർത്തനമാടിച്ച് പാഠ്യവിഷയമാക്കി സഹൃദയ കേരളത്തിന് സമർപ്പിച്ചു. തക്കുറി കളിയാട്ടങ്ങളും കൽപ്പന കളിയാട്ടങ്ങളും പെരുങ്കളിയാട്ടങ്ങളും വയൽത്തിറകളും കനലാടികളോടൊപ്പം സഞ്ചരിച്ചു തോറ്റങ്ങളും കലാശങ്ങളും ചിട്ടവട്ടങ്ങളും സമഗ്രമായും സൂക്ഷ്മമായും പഠിച്ചറിഞ്ഞാണ് അദ്ദേഹത്തിന്റെ പല പ്രബന്ധങ്ങളും തയ്യാറാക്കിയിട്ടുള്ളത്. കാലാന്തരത്തിൽ ഈ അനുഷ്ഠാനങ്ങൾക്ക് വന്ന ച്യുതികളിൽ അസ്വസ്ഥനാകാതെ പോയ കാലത്തിന്റെ പ്രതാപവും പ്രൗഢിയും തിരിച്ചു കൊണ്ടുവരുവാൻ തെയ്യം കനലാടിമാർക്കൊരു പ്രചോദനവും ആവേശവുമാണ് കരിപ്പത്ത് മാസ്റ്റർ.

സാഹിത്യകാരൻ, പ്രഭാഷകൻ, സാംസ്കാരിക പ്രവർത്തകൻ, സംഘാടകൻ എന്നീ നിലകളിലും തനതു വ്യക്തിമുദ്ര പതിപ്പിച്ച കരിപ്പത്തു മാസ്റ്ററുടെ എഴുത്തിൽ പരിസ്ഥിതി, സാമൂഹ്യഘടന, സംസ്കാരം, പാരമ്പര്യം എന്നിവയെല്ലാം ദീപസ്തംഭങ്ങളായി ജ്വലിച്ചുയർന്നുനിൽക്കുന്നത് കാണാം.

തനതുകേരള സംസ്കൃതിയുടെ പ്രതീക്ഷകളാണ് ശ്രീ കരിപ്പത്ത് മാസ്റ്ററുടെ രചനകൾ മിക്കതും. ഫോക്‌ലോർ രംഗത്ത് അദ്ദേഹത്തിന്റെ വ്യക്തിമുദ്ര പതിക്കാത്ത ശാഖകൾ തുലോം കുറവാണ്. ഈ രംഗത്തുള്ള അദ്ദേഹത്തിന്റെ

ലേഖനങ്ങൾ എത്ര ആദരപൂർവ്വമാണ് വായിക്കപ്പെടുന്നത് എന്നുള്ളത് ഒരു വസ്തുത യാണ്. ലളിതവും മാധുര്യവും ആശയ സമ്പുഷ്ടവുമായ അദ്ദേഹത്തിന്റെ പ്ര ഭാഷണങ്ങൾ തീക്ഷ്ണവും ആകർഷണീയ വുമാണെന്നത് അത്ഭുതാദരവോ ടെ മാത്രമേ ശ്രവിക്കുവാൻ കഴിയുകയുള്ളൂ.

സപ്തതിയിലെത്തി നിൽക്കുന്ന, എന്നാൽ വാക്കിലും എഴുത്തിലും പ്രഭാഷണത്തിലും തികഞ്ഞ യൗവ്വനം കാത്തു സൂക്ഷിക്കുന്ന, മാർഗ്ഗദർശകമായ ജീവിതം നയിക്കുന്ന യശസ്വി യായ ശ്രീ. ആർ. സി. കരിപ്പത്തിന് സപ്തതി ആശംസകൾ.



ഉപേന്ദ്രൻ മടിക്കൈ

[ കവിത ]

# കീറിമുറിക്കൽ

നിന്റെ
വിറയൽ ബാധിച്ച
ശരീരം കീറി മുറിക്കട്ടെ?.

അപ്പോൾ...
ഉന്നതിയിൽ നിന്നും
ഒരിലയെന്ന
പോലെ സ്വപ്നങ്ങൾ
പറന്നകലുമായിരിക്കും.

കണ്ണുകൾക്കകലയായി
എല്ലാവരെയും സമത്വഭാവനയിൽ
വിഭാവനം ചെയ്ത
സമഞ്ജനക്ഷമതയിൽ
ലോകം കറുത്തതായി കാണാം.

ഹൃദയത്തിന്റെ
താളക്രമത്തിൽ
ഒരാൾ എന്നും
വഴിതെറ്റി നടക്കുന്നതായി തോന്നാം.

രക്തശുദ്ധീകരണ
ത്തിനായി നിയോഗമേ
റ്റെടുത്ത കരൾ വെന്ത്
മറ്റൊരാൾക്ക് വിഭവത്തിന് പാകമായിരിക്കാം.

വിറയൽ ബാധിച്ച
ചൂണ്ടുവിരലിൽ
നിന്നും അനേകം
ചോദ്യങ്ങൾ പറന്നകലുന്നുണ്ടാകാം.

ആമാശയം
കരിഞ്ഞ്
ശൈശവത്തിലെ ദരിദ്ര ബാലനായി
തീർന്നിരിക്കാം.

ഒന്നിടവിട്ടവേളയിൽ
നിന്റെ ശ്വാസം
മറ്റാരിലേക്കോ
ഊർന്നിറങ്ങി പോകുമായിരിക്കാം...

നിന്റെ വിറയൽ
ബാധിച്ച ശരീരം
കീറി മുറിക്കുന്നവർക്ക്
നീ നിരാശനായി
ആലില പോലെ തുള്ളുന്നതും,
ലോകം ഭൂമികുലുക്കത്തിൽ
വിണ്ടു കീറുന്നതും അനുഭവപ്പെട്ടന്നിരിക്കാം.

തലച്ചോറിൽ
നിന്നും
മരിച്ചവനിലേക്ക്
ഉന്മാദത്തിന്റെ
ഒരു നദി പുറപ്പെട്ടേക്കാം.....



[ കവിത ]

# നിന്റെ മണമുള്ള കാഴ്ച്ചകൾ

എം. കപിൽദേവ്.

നിന്റെ മണമുള്ള കാഴ്ച്ചകളിലേക്ക്
അപ്രതീക്ഷിതമായാവും
കാറ്റുകൾ വന്ന് വിളിക്കുക.

അപ്പോൾ

കൈത്തണ്ടയിൽ മഞ്ഞൾ മണവുമായി
ഒരു തമിഴത്തി
നിന്നിലേക്കുള്ള ദൂരദർശനിയാകും.

ചിലപ്പോൾ

പുതുമഴയുടെ മണമുള്ള
കിനാവുകൾ ചങ്ങാത്തത്തിന്റെ
ഉരുളൻ കല്ലുകൾ
പെറുക്കി
മുന്നിൽ വന്നു നിന്നു ചിണുങ്ങും.

ഇനിയും ചിലപ്പോൾ

പുളിയൻ മുശറിന്റെ മണം പിണക്കങ്ങളുടെ
മാമ്പഴക്കാലത്തിലേക്ക്
പിന്നെയും
പിന്നെയും വന്നു വിളിക്കും.

മറ്റ് ചിലപ്പോൾ

ചൂടായ കല്ലിലേക്ക് വിഴുന്ന ദോശ മണം
നിന്നെ ചമ്മിച്ച
ഒരു
അശ്ലീല കഥയുടെ വാതായനം തുറക്കും.

വേറൊരു തവണ

പാതി വെന്ത മണ്ണപ്പങ്ങളുടെ മണവുമായി
റെയിൽവേ സ്റ്റേഷനുകളിലെ
കുട്ടികൾ

നഷ്ടബോധത്തിന്റെ
പടിവാതിലിൽ വന്നെത്തിനോക്കും.

അപ്പോഴെല്ലാം നീ ഒരു തുരുത്തും
ഞാൻ
നിന്നിലേക്കുള്ള തോണിയുമാകും.

കാറ്റിന്റെ ഗതി.
നിന്നിലേക്കുള്ള വഴിയാകും

# ഇരമ്പം



ദീപ ദിനേശ്

കണ്ണിൽ ഉറക്കം കെട്ടിമറിഞ്ഞ
ഒരു രാത്രിയിൽ
ആലസ്യത്തിന്റെ
പുതപ്പ് എന്നിലേക്ക് വലിച്ചിട്ടിട്ട്
ഒരു കടൽ
എന്നിൽ നിന്നിറങ്ങി പോയി

പിറ്റേന്ന്മനസിന്റെ
രുചി കൂട്ടുകളുടെ ചമയലിൽ
സ്വയം ചവർപ്പ് നുണഞ്ഞ പ്രഭാതമായി

അരികെ വിരിഞ്ഞ
ചുവന്ന പുഷ്പത്തി
ലേക്ക് എത്തി നോക്കി
എന്റെ മാത്രം ശരികൾ
എന്നും നിറം മങ്ങാതെ നിന്നു.

കടവിലിറങ്ങിയ
മീൻ കൊത്തി പക്ഷിയുടെ
ചുണ്ടുകളിൽ പിടച്ച
രണ്ടു കണ്ണുകളിലെ ആകാശ മോഹം
പുഴയിറമ്പിൽ
മുള്ളുകളായി ചിതറിക്കിടന്നപ്പോഴും
വിശപ്പാറ്റിയ നീല ചിറകുകൾ
ഇനി നാളെ എന്ന്
പറഞ്ഞ് പറന്നു കൊണ്ടേയിരുന്നു.

തെരഞ്ഞുപോവുകയും
വശപ്പെടുത്തുകയും ചെയ്യുന്ന
നീരൊഴുക്ക് പോലെ
തമ്മിൽ പടരാതെ
വേരുകൾ കൂർത്ത നഖമുനകളാൽ
മണ്ണുമാന്തി അകന്നു കൊണ്ടേയിരുന്നു..

നിനക്ക് മുന്നേ ഇവിടെ
കാടും കടലുമുണ്ടായിരുന്നെന്നും
അവയെല്ലാവരേയും
മൗനമായി ചുംബിച്ചിരുന്നെന്നും
പ്രകൃതിയുടെ നിയമ പുസ്തകത്തിലെ
അപ്രതീക്ഷിതമായി വിടർന്ന
താളുകൾ കണ്ണുകളിലെഴുതി വച്ചു..





വസന്ത കുറുമാത്തൂർ

# പുതുമഴ!



കൊടിയ വേനലാണിന്ന്..
ഉഗ്രതപത്തിന്റെ,
അത്യുഗ്രസ്ഫോടനത്തിന്റെ,
മഹാമാരിയുടെ,
ഹരിതഭൂമിയെക്കൊന്നൊ
ടുക്കുന്നോരുഗ്രവികസനത്തിന്റെ
കൊടുംവേനലാണിന്ന്..

കാമഭ്രാന്തിന്റെ,
കാട്ടാളനീതിയുടെ,
കൊള്ളപ്പണത്തിന്റെ,
ലഹരിയുടെ,
കൊടുംചൂടു വമിക്കുന്ന
ദുർഗന്ധമാണിന്ന്..

യുദ്ധവീര്യത്തിലർടന്ന
ചുടുനിണമൊഴു
ക്കിക്കളയുവാൻ
കാമവെറിപൂണ്ട മനസ്സിൻ
തപംകെടുത്തുവാൻ
മാദക ലഹരിയിലണഞ്ഞോരു
ബോധമുണർത്തുവാൻ
യുവതയുണരുവാൻ
പെയ്തണഞ്ഞുവോ പുതുമഴ!
കൊടുംവേനലാണിന്ന്..
ഉഗ്രതപകറ്റുവാൻ
പെയ്തണഞ്ഞുവോ
പുതുമഴ!


[ കവിത ]

# കരിപ്പത്തിന്റെ കഥാജീവിതം



കെ. എസ്. പൊതുവാൾ

സംസ്കൃതഭാഷയും
ജ്യോതിഷ ജ്യോതിസ്സും
സംഗീത സൗരഭ്യ സപ്ത
സൗഭാഗ്യവും
നിത്യം വിളഞ്ഞു തണലും
തണുപ്പുമായ്
നിന്നൊരീ നാട് നമിച്ച
മനീഷിതൻ
വംശത്തിൽ പിറന്നു
വളർന്നവൻ.
പുണ്യ പുരാണ സൗഗന്ധഗംഗാ തടം
നിത്യം സ്മരിക്കും
പിതാവിൻ മകൻ നാട്ടു
പാട്ടിന്റെ പാലാഴി
തീർത്തീടുന്ന
നാട്ടുപുരാണ ചരിത
വിലോലയാം
മാതാവിനേറ്റം പ്രിയൻ
മാതൃവത്സലൻ.
നാടൻ കലാ കോവിദ
നാരിലും , നാടോടി
സംസ്കൃതി തന്നാത്മ
ഗന്ധം തിരയുവോൻ .
മാതൃകാധ്യാപക ശ്രേഷ്ഠൻ പ്രഭാഷകൻ
കാവ്യ വിലോല , കഥാ
കഥന വിശ്രുതൻ
നാടൻ കല തന്റെ
യന്തരാത്മാവിലെ
ആയിരം സൂര്യനെ
തൊട്ടറിഞ്ഞുള്ളവൻ
വിസ്മയം തെയ്യമറിഞ്ഞവ
നിൻ നാട്ടു നന്മ തൻ
തെയ്യ പ്രപഞ്ചം മലർക്കെ
തുറന്നവൻ
വിൽക്കലാ മേളകൾ
നാടക സൃഷ്ടികൾ
നാട്ടു പാട്ടിൻ പട്ടു
സംസ്ക്കാര രഥ്യകൾ
സപ്തതിനാളുകൾ വന്നു
ക്ഷീണിക്കാത്ത
ദീപ്ത മനീഷിയെ
കൈ കൂപ്പിടുന്നിതാ
നാടിനാ ചാര്യനായ്
വിജ്ഞാന സൂര്യനായ്
ആരിലുമാദരം തീർക്കുമീ സാത്വികൻ
സൗഖ്യമാം ജീവിതം
പ്രാർത്ഥിക്കയാണിവൻ
നിത്യമാജ്ഞാനാമൃതം
നുകർന്നീടുവാൻ.



[ കഥ ]

# ഇന്നലെകൾ



ബിന്ദു രാജീവ് പൊറോറ

വിദൂരതയിൽ മിഴിനട്ട പീളകെട്ടിയ ആ കണ്ണുകളിൽ പുൽനാമ്പിലെ മഞ്ഞു തുള്ളിപോലെ കണ്ണീർ. ഇറ്റുവീഴാറായ കണ്ണീർ തുള്ളിയിൽ ഇന്നലെ കളുടെ ഓർമ്മകൾ. നാലുകെട്ടിൻെറ ചാണകം മെഴുകിയ മുറ്റത്ത് ഇടറി തെന്നിത്തെറിക്കുന്ന കെലുസ്സിട്ട കുഞ്ഞിളംപാദങ്ങൾ ഇടറി വീഴുമ്പോൾ വാരിയെടുത്ത് ഉമ്മ വെക്കുന്ന മുത്തശ്ശി. അച്ഛന്റെ കൈപിടിച്ചു പള്ളിക്കൂട മുറ്റത്തെ അറിവിന്റെ മധുരം നുണയാ൭ വിശാലമായ ലോകത്തേക്ക്. സ്വർണ്ണ ക്കൊലുസ്സണിഞ്ഞ് പാടവരമ്പിലൂടെ കസവുപാവാടയിൽ യൗവനത്തിൻെറ തങ്കത്തിളക്കം . കെട്ടു മേളത്തിൻെറഘോഷത്തിൽ താലിയേറ്റു വാങ്ങി നാലുകെട്ടിൻെറ ചാണകംമെഴുകിയ മുറ്റവും കടന്ന് മഹാ നഗരത്തിലേക്കുള്ള യാത്ര പിന്തിരിഞ്ഞു നോക്കുമ്പോൾ അകലേക്ക് മറയുന്ന നൻമയുള്ള ഗ്രാമം. കണ്ണഞ്ചിപ്പിക്കുന്ന നഗരത്തിന്റെ മായികലോകത്തിൽ മാറ്റം വളരെ പെട്ടെന്നായിരുന്നു.

മൂന്നു കുട്ടികളുടെ ജനനം, വളർച്ച, വിദ്യാഭ്യാസം, ജോലി, വിവാഹം ഒക്കെയും ഒരു സ്വപ്നം പോലെ നടന്നു. സ്വപ്ന തുല്യമായ ജീവിതം. സ്വന്തം ഗ്രാമത്തിൽ വിരുന്നുകാരി മാത്രമായി മാറി പലപ്പോഴും. പേരക്കുട്ടികളെ കാണാൻ കൊതിക്കുന്ന വാർദ്ധക്യത്തെ പലപ്പോഴും കണ്ടില്ലെന്നു നടിച്ചു. പിതൃക്കളുടെ ശ്രാദ്ധദിനം പോലും മറന്നു. മാറ്റങ്ങളിൽ മാറി മക്കളും അവരുടെതായ ജീവിതം
തേടി അകലേക്ക്. ജീവന്റെ പാതി കൊഴിഞ്ഞു. ജീവിതം തനിച്ചായി.

ഇന്ന് ഈ വൃദ്ധസദനത്തിൽ വിരുന്നുകാരായി എത്തുന്ന മക്കളെ പ്രതീക്ഷയോടെ കാത്തു നിൽക്കുന്നു.

ഇന്നലെകളിലെ ഓർമ്മകളുടെ ഭാരത്താൽ പ്രതീക്ഷയറ്റു വീണു കണ്ണുനീർത്തുള്ളിക
ൾ...



# ചിത്രം വിചിത്രം



കെ എസ് മിനി

പുതിയ വീടിന്റെ ഗൃഹപ്രവേശനത്തിന് വന്നവരുടെ പ്രത്യേകശ്രദ്ധ ആകർഷിച്ചത് രണ്ട് ബെഡ്റൂമിലെയും ചുമരിൽ വരച്ച ചിത്രങ്ങൾ ആയിരുന്നു. ഓരോ മുറിയിലും ഓരോ തരം പെയിന്റിങ്ങ്, പൂക്കളും പ്രകൃതിയും മനുഷ്യരുടെ കലാരൂപങ്ങളും ഒത്തുചേർന്ന് ഒരു ആർട്ട് മ്യൂസിയം പോലെയുള്ള ദൃശ്യങ്ങൾ. വന്നവരിൽ പലരും ഗൃഹനാഥയായ ലിജിനയോട് ചോദിച്ചു,

'ആരാണിതൊക്കെ വരച്ചത്?'
അവൾ പറഞ്ഞു,

'അതെല്ലാം വരച്ചത് എന്റെ മകളുടെ ഫ്രന്റാണ്'
അതെയോ, അപ്പോൾ?'

കൂട്ടത്തിലുള്ള പെൺപടകൾക്കാകെ പട പടാ സംശയം,
'അപ്പോൾ?'
'മകളുടെ ഫ്രന്റ് വരക്കുമ്പോൾ പെൺ കുട്ടികൾക്ക് ചുമരിന്റെ മുകൾഭാഗത്തൊക്കെ കയറി പെയിന്റ് ചെയ്യാൻ പറ്റുമോ?'

'ഇന്നത്തെ കാലത്ത് പെൺകുട്ടികൾ മതിലിലും മരത്തിലും കയറും. പിന്നെ ഇതെല്ലാം വരച്ചത് പെൺകുട്ടിയാണെന്ന് ആരെങ്കിലും പറഞ്ഞോ?'

ലിജിന പറഞ്ഞതുകേട്ട് അവരാകെ ഞെട്ടി,

'പിന്നെയാരാ വരച്ചത്?'
'ഇതെല്ലാം വരച്ചത് മകളുടെ ഫ്രന്റ് തന്നെയാ,, അവന്റെ പേര് സാജൻ'

ഗൃഹനാഥ സ്ഥലം വിട്ടതോടെ ചിത്രങ്ങളെ ഒഴിവാക്കിയ വിരുന്നുകാർ സാജന്റെ മതവും ജാതിയും ചർച്ച ചെയ്യാൻ തുടങ്ങി.

'അവർ മലയാളികളായ കുലസ്ത്രീകൾ ആണല്ലോ'



[ അനുഭവം ]

# ആ പഴയ നെല്ലിമരം



സരിത പ്രമോദ്

ഇവിടെ മഞ്ഞ് പെയ്ത് തുടങ്ങി. പ്രവാസത്തിന്റെ അവസാന നാളുകളിലൂടെയാണ് കടന്നു പോകുന്നത്. എത്ര വേഗതയിലാണ് വർഷങ്ങൾ കടന്നുപോയത്! ഇനിയെന്ത് എന്ന ചിന്ത ഇപ്പോൾ അലട്ടുന്നില്ല. എന്തിനെയും സധൈര്യം നേരിടാനുള്ള കരുത്ത് ഈ പ്രവാസകാലം എനിക്ക് തന്നു!

ഇവിടെ എത്തുന്നത് വരെ എനിക്കൊരു തെറ്റിദ്ധാരണ ഉണ്ടായിരുന്നു ദുബായ് എന്ന സ്വപ്ന ഭൂമികയെക്കുറിച്ച്. പക്ഷെ, ഇവിടെയെത്തിയപ്പോഴാണ് ഒരു കാര്യം മനസ്സിലായത് . സ്വപ്നം പോലും കാണാൻ പറ്റാത്ത എത്ര ആൾക്കാരാണിവിടെ എല്ലാ സങ്കടങ്ങളും ഒതുക്കി ജീവിക്കുന്നത്!

നാട്ടിലെത്തിയാൽ നീ എന്റെ മക്കളെ പോയൊന്ന് കാണണം എന്ന് പറഞ്ഞ എത്ര അമ്മമാരെയാണ് ഞാനിവിടെ കണ്ടത്.ഞാനും കാത്തിരിക്കുകയാണ് പല കാഴ്ചകളും കാണാൻ.

തണുപ്പ് കൂടിക്കൂടി വരുന്നു.ചെറുപ്പത്തിൽ തണുപ്പ് കാലത്ത് രാവിലെ എഴുന്നേൽക്കുക എന്നത് പ്രയാസം പിടിച്ച പണിയായിരുന്നു. അമ്മമ്മയുടെ കുഴമ്പ് മണക്കുന്ന കരിമ്പടത്തിൽ കൂടിയാൽ എഴുന്നേൽക്കാനേ തോന്നില്ല.

അമ്മമ്മ വല്ലാത്തൊരു ഓർമ്മയാണ്. സദാ പുഞ്ചിരിച്ച് ആരോടും പരിഭവമോ പരാതിയോ ഇല്ലാതെ ജീവിച്ച അമ്മമ്മയെ കുറിച്ചോർക്കാതെ ഒരു ദിവസവും കടന്ന് പോകാറില്ല. ഉറക്കത്തിൽ ആ തണുത്ത കൈ വന്ന് തലോടി എന്റെ സങ്കടങ്ങളെ ഇല്ലാതാക്കാറുണ്ട്!

' കുഞ്ഞി മറ്റുള്ളോര് പറേന്ന് കേട്ട് നീയാ നെല്ലി മരത്തിലൊന്നും ചാടിക്കേറല്ലേ .'

ഒരിക്കൽ സ്ക്കൂളിലേക്ക് പോകുന്നതിന് മുമ്പ് വീടിനടുത്തുള്ള നെല്ലിമരത്തിൽ ചാടി കേറി നെല്ലിക്ക പറിക്കാൻ നേരം കാലൊന്ന് വഴുക്കി ഞാൻ വീണിരുന്നു. ആ ഒരു ഓർമ്മയിൽ നിന്ന് കൊണ്ടാവണം നെല്ലിക്ക പറിച്ച ` തീർന്നാലും സ്ക്കൂളിൽ പോവാൻ നേരം അമ്മമ്മ അത് ഓർമ്മിപ്പിക്കും.

പശു, ആട്, കോഴി, പറമ്പ് നിറയെ വാഴകൾ ഇതൊക്കെയായിരുന്നു അമ്മമ്മയുടെ ലോകമെങ്കിലും നാട്ടിലെ എല്ലാ വീട്ടിലും എന്ത് ആഘോഷമുണ്ടെങ്കിലും അമ്മമ്മ മുന്നിലുണ്ടാവും. അവിടുന്ന് തിന്നാൻ കൊടുക്കുന്ന പലഹാരങ്ങൾ ഭദ്രമായി പൊതിഞ്ഞ് അമ്മമ്മ എനിക്ക് കൊണ്ട് തരുമായിരുന്നു!

വർഷങ്ങൾക്ക് ശേഷമുള്ള ഒരു ജൂൺ മാസത്തിലെ മഴക്കാലത്താണ് ഞാൻ എന്റെ മൂത്ത മോളെ പ്രസവിക്കുന്നത്. അന്ന് തന്നെയാണ് അമ്മമ്മ ഞങ്ങളെ വിട്ട് പോയത്. ആശുപത്രി കിടക്കയിൽ വെച്ചാണ് അമ്മമ്മ ഇനിയില്ല എന്ന സത്യം ഞാനറിയുന്നത്. ആർത്തലച്ചു പെയ്യുന്ന മഴക്ക് മേൽ എന്റെ നിലവിളി ഇല്ലാതായി! ഒരു സന്തോഷത്തിന് മേൽ വലിയൊരു സങ്കടം. ഞാൻ പ്രസവിക്കുന്ന കുഞ്ഞിനെ കാണാൻ അമ്മമ്മ വല്ലാതെ ആശിച്ചിരുന്നു. പക്ഷേ..

അമ്മമ്മയുടെ ഓർമ്മകൾ കണ്ണു നനയിക്കുന്നു. ആ കണ്ണീര് കണ്ടാവാം ദൂരെ എവിടെ നിന്നോ വന്ന് ,തന്റെ തണുത്ത കൈ കൊണ്ട് എന്നെ തലോടി ആശ്വസിപ്പിച്ച് ആ കുഴമ്പ് മണക്കുന്ന കരിമ്പടം എന്നെ പുതപ്പിച്ച് പോകാൻ നേരം അമ്മമ്മ എന്നെ ഒന്നൂടി ഓർമ്മിപ്പിക്കുന്നു. പഴയ ആ നെല്ലിമരത്തിന്റെ കഥ!




## ഇക്കോണമി
സാമ്പത്തിക പരമ്പര

# ലൈസൻസ് പെർമിറ്റ് ക്വോട്ടാ രാജ്

മധുസൂദനൻ മട്ടന്നൂർ

ശ്രീലങ്ക കത്തിക്കാളുകയാണ്. വെറും നാലു ദിവസത്തെ ഇറക്കുമതിക്കുള്ള വിദേശ നാണ്യ ശേഖരം മാത്രമാണ് ശ്രീലങ്കയുടെ കൈവശ മുള്ളത്. കടങ്ങളുടെ തിരിച്ചടവ് മുടങ്ങിക്കഴിഞ്ഞു. അവശ്യ സാധനങ്ങൾ കിട്ടാതായിക്കഴിഞ്ഞു. പെട്രോളും ഡീസലും ലഭിക്കാൻ ദിവസങ്ങളോളം ക്യൂ നിൽക്കേണ്ട സാഹചര്യമാണ്.

ഒരു കാലത്ത് ഇന്ത്യയും ഏതാണ്ട് ഈ സ്ഥിതിക്ക് അടുത്ത് എത്തിയിരുന്നു എന്ന കാര്യം പുതുതലമുറക്ക് അജ്ഞാതമാണ്.

നാലു പതിറ്റാണ്ടുകളിലെ സോഷ്യലിസ്റ്റ് മോഡൽ നയങ്ങളിലൂടെ 1990 എത്തിയപ്പോൾ ഇന്ത്യയുടെ സാമ്പത്തിക നില പരിതാപകരമാ യിരുന്നു. അന്നത്തെ ഇന്ത്യയുടെ വിദേശ നാണ്യ ശേഖരം വെറും 800 മില്യൺ ആയി കുറഞ്ഞി രുന്നു. അതായത് കഷ്ടിച്ച് രണ്ടാഴ്ചത്തേക്കുള്ള ഇറക്കുമതിക്ക് ആവശ്യമായത്. കടമടവ് മുടങ്ങു മെന്ന ഘട്ടം സംജാതമായിരുന്നു.

1990ലെ ഗൾഫ് യുദ്ധവും തുടർന്ന് എണ്ണവിലയിൽ ഉണ്ടായ വൻകുതിച്ചു ചാട്ടവും ആയിരുന്നു തത്സമയ കാരണമെങ്കിലും ദീർഘ കാലം തുടർന്നു വന്ന സാമ്പത്തിക നയങ്ങളായി രുന്നു അടിസ്ഥാനപരമായ പ്രശ്നം. അതിൽ ഏറ്റവും പ്രധാനമായത് ലൈസൻസ് പെർമിറ്റ് ക്വോട്ടാ രാജ് എന്നറിയപ്പെടുന്നു.

1956ലെ സാമ്പത്തിക നയത്തിലെ വ്യവസ്ഥകൾ പ്രകാരം വ്യവസായങ്ങളെ എ, ബി, സി എന്നി ങ്ങനെ മൂന്നായി തിരിച്ചിരുന്നു. എ വിഭാഗം വ്യവസായങ്ങൾ സർക്കാറിന്റെ കുത്തക ആയി രുന്നു. ബി വിഭാഗം എന്നത് സർക്കാറിന് മാറ്റിവച്ചതാണെങ്കിലും അനുബന്ധ മേഖലകളിൽ സ്വകാര്യ മേഖലക്ക് പ്രവർത്തിക്കാവുന്നവയാണ്. സി മേഖല സ്വകാര്യ മേഖലക്ക് പ്രവർത്തനാനു മതി ഉള്ളവയാണ്.

എ, ബി മേഖലകൾ സർക്കാറിന്റെ കുത്തക ആയതോടെ വ്യക്തികളുടെ സംരംഭകത്വത്തിന് കൂച്ച് വിലങ്ങ് വീണു. അതേസമയം തന്നെ സ്വകാര്യ മേഖലക്ക് മാറ്റി വച്ച വ്യവസായങ്ങളിൽ കർശനമായ ലൈസൻസിംഗ് ബാധകമായിരുന്നു.

അതായത് ഒരു വ്യക്തി ഒരു വ്യവസായം തുടങ്ങണമെങ്കിൽ അത്രയും ഉല്പാദനം ആവശ്യ മാണ് എന്ന് കേന്ദ്ര വ്യവസായ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗ സ്ഥനെ ബോധ്യപ്പെടുത്തണം. ഇത്ര മാത്രമെ ഉല്പാദിപ്പിക്കാവൂ എന്ന കർശന വ്യവസ്ഥ ഉണ്ടാ യിരുന്നു. വ്യവസ്ഥയിൽ പറഞ്ഞ പരിധിയിൽ കൂടുതൽ ഉല്പാദിപ്പിച്ചാൽ ശിക്ഷാ വ്യവസ്ഥകൾ ഉണ്ടായിരുന്നു.

സ്വതന്ത്ര സമ്പദ് വ്യവസ്ഥകളിൽ ഉല്പാദനം നിയന്ത്രിക്കുന്നത് ഡിമാന്റ് ആണ്. ഉപഭോക്താവ് ആണ് ഡിമാന്റ് നിശ്ചയിക്കുന്നത്. ഡിമാന്റ് അനുസരിച്ചാണ് ഉല്പാദനം നടക്കുന്നത്. ഇത് സ്വാഭാവികമായി ആരും നിയന്ത്രിക്കാതെ നടക്കുന്നതാണ്. അതിനെ ഉദ്യോഗസ്ഥ സംവിധ ാനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നതായി രുന്നു സ്വതന്ത്ര ഇന്ത്യ വ്യാവസായിക രംഗത്ത് ചെയ്ത ഏറ്റവും വലിയ മണ്ടത്തരം. അടിസ്ഥാന വ്യവസായങ്ങൾ പൊതു മേഖലക്ക് മാത്രം വിട്ടു നൽകിയതിലൂടെ മത്സരമില്ലാതാക്കുകയും കാര്യ ക്ഷമത ഇല്ലാതാക്കുകയും അതിനെ തുടർന്ന് നഷ്ടങ്ങളിലേക്ക് കൂപ്പ് കുത്തുകയും ചെയ്തു. സ്വകാര്യ മേഖലക്ക് കർശനമായ ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതോടെ സ്വകാര്യ മേഖലയുടെ വളർച്ചയും നിന്നു. ഇതായിരുന്നു 1990 ലെ പ്രതിസന്ധിക്ക് കാരണമായ അടിസ്ഥാന കാരണങ്ങൾ.

അത്തരം സന്നിഗ്ദ്ധാവസ്ഥയിൽ അധികാരമേറ്റ നരസിംഹ റാവുവിന്റെ സർക്കാർ ഉദാരവൽക്കരണ നയങ്ങളിലൂടെ സാമ്പത്തിക നയങ്ങളിൽ സമ്പൂർണ്ണമായ പരിഷ്കാരങ്ങൾ വരുത്തി. മൂന്ന് പതിറ്റാണ്ടുകൾക്കിപ്പുറം ഇന്ത്യ ഇന്ന് ലോകത്തിലെ ആറാമത്തെ സാമ്പത്തിക ശക്തി ആണ്. ഗ്രേറ്റ് ബ്രിട്ടനെ മറികടന്ന് ഉടനെ തന്നെ അഞ്ചാമത്തെ സ്ഥാനം കയ്യടക്കും എന്ന കാര്യവും ഉറപ്പാണ്. ഇന്ത്യ വളരുകയാണ്. എല്ലാരംഗത്തും.

# അതുല്യ ജയകുമാർ

ചെറുപ്പം മുതൽ ശാസ്ത്രീയ സംഗീതം അഭ്യസിക്കുന്നു.സംഗീത അധ്യാപകനായ അച്ഛൻ തന്നെയാണ് ഗുരു.

അഞ്ച് വയസ്സ് മുതൽ ശാസ്ത്രീയ സംഗീത കച്ചേരികൾ നടത്തുന്നു. ചിത്ര അയ്യർ, ഭാവന രാധാ കൃഷ്ണൻ, വി എം കുട്ടി, എരഞ്ഞോളി മൂസ തുടങ്ങിയ പ്രഗൽഭ ഗായകർക്കൊപ്പം വേദികൾ പങ്കിട്ടിട്ടുണ്ട്. മ്യൂസിക് ആൽബങ്ങളിൽ പാടിയിട്ടുണ്ട്.

ആറ് വർഷം തുടർച്ചയായി കൊയിലാണ്ടി ഉപജില്ലാ കലാതിലകം, 2001ൽ കോഴിക്കോട് റവന്യൂ ജില്ലാ കലാതിലകം , സംസ്ഥാന കലോത്സവങ്ങളിൽ വിവിധ ഇനങ്ങളിൽ സമ്മാനം നേടിയ കലാകാരി.

സ്കൂൾതലം, സബ് ജില്ലാ കലോത്സവം, കേരളോത്സവം തുടങ്ങിയവയിൽ വിധി കർത്താവായി പരിചയമുണ്ട്. ഇപ്പൊൾ ഓൺലൈൻ മത്സര വിധിനിർണയ രംഗത്തും സജീവമാണ്

ഗായകപ്രിയ എന്ന യൂട്യൂബ് ചാനലിൽ രാഗങ്ങളെ ചലച്ചിത്ര ഗാനങ്ങളുമായി ബന്ധപ്പെടുത്തി കർണാടക, ഹിന്ദുസ്ഥാനി, പാശ്ചാത്യ സംഗീത മേഖലകളെ സംഗീത ആസ്വാദകർക്ക് വളരെ ലളിതമായി പരിചയപ്പെടുത്തുന്ന പരിപാടികൾ, കൂടാതെ സംഗീത വിദ്യാർത്ഥികൾക്കായി നന്നായി പാടാൻ സഹായിക്കുന്ന ട്യൂട്ടോറിയൽസ് എന്നിവ അവതരിപ്പിക്കുന്നു.

ഒപ്പം വേദികളിൽ ശാസ്ത്രീയ സംഗീതകച്ചേരികളും നടത്തി വരുന്നു.ഗുരുവായൂർ ചെമ്പൈ സംഗീതോത്സവം അടക്കം നിരവധി വേദികളിൽ സംഗീത കച്ചേരികൾ അവതരിപ്പിച്ചിട്ടുണ്ട്. ഭരതനാട്യ കച്ചേരികൾക്ക് പിന്നണി ഗായികയുമാണ്. കാഞ്ഞങ്ങാട് സിറ്റി ചാനലിൽ 'ഫിൽമി രാഗമാല'എന്ന സംഗീത പരിപാടി അവതരിപ്പിച്ചുവരുന്നുണ്ട്.

കാഞ്ഞങ്ങാട് സദ്ഗുരു നിത്യാനന്ദ എൻജിനീയറിങ് കോളേജ് അധ്യാപികയായി ജോലി ചെയ്യുന്നു.



പ്രഗത്ഭ സംഗീതജ്ഞ ഡോ. ഓമനക്കുട്ടി ടീച്ചറുടെ കീഴിൽ ഇപ്പോൾ സംഗീതം അഭ്യസിക്കുന്നു. സംഗീതഭൂഷണം കോഴ്സ് പൂർത്തിയാക്കി.

അച്ഛൻ: പാലക്കാട് പ്രേം രാജ് (സംഗീത അധ്യാപകൻ)
അമ്മ: പുഷ്പ പ്രേം രാജ് ( വയലിനിസ്റ്റ്)
അനിയൻ: അശ്വിൻ പി പ്രേം( കീ ബോർഡ് ആർട്ടിസ്റ്റ് & പ്രോഗ്രാമർ) കൊയിലാണ്ടിയിൽ മലരി കലാമന്ദിരം എന്ന സംഗീത വിദ്യാലയം നടത്തുന്നു.

ഭർത്താവ്: ജയകുമാർ
(സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ )
മക്കൾ: കശ്യപ്, മഹതി

ഭർത്താവിന്റെ അമ്മ ഗിരിജ സംഗീത യാത്രയിൽ പ്രചോദനം നൽകുന്നു.

"വിളക്കു കൈവശമുള്ളവനെന്നും വിശ്വം ദീപമയം"



# പീയെൻസ്

## കാമ്പസ് ചെറുപുഴ

ശ്രീ അയ്യപ്പക്ഷേത്രത്തിനു സമീപം

Mob: 94 47 65 02 49
75 60 90 41 37

പ്രവേശനം തുടരുന്നു...

**+2** **BA/Bcom** **MA**

**HINDI TTC** **പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിങ്ങ്**